ദീപനാളം
കലാസാംസ്കാരിക ദേശീയവാരിക
ESTD-1968

2024 ഒക്ടോബർ 31 | ദീപം 57 | നാളം 34 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org

# സൈബർ ചിലന്തികൾ വലയൊരുക്കുമ്പോൾ



ജോർജ് കള്ളിവയലിൽ



**സാ**മ്പത്തിക വളർച്ചയോടൊപ്പം സാങ്കേതികമികവിലും വികസനത്തിലും ഇന്ത്യ മുന്നേറുകയാണ്. നിർമിതബുദ്ധിയുടെയും (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് - എഐ ) മെഷീൻ ലേണിങ്ങിന്റെയും ഡിജിറ്റലൈസേഷന്റെയും യുഗത്തിൽ പക്ഷേ, സൈബർ കുറ്റവാളികളുടെ കേന്ദ്രം കൂടിയായി രാജ്യം വളർന്നു. ഓൺലൈൻ ഇടപാടുകൾ കൂടുന്നതും നിർമിതബുദ്ധിയുടെ സാങ്കേതികതകൾ ദുരുപയോഗപ്പെടുത്തുന്നതും സർക്കാരുകൾക്കും ബാങ്കുകളടക്കമുള്ള ധനകാര്യസ്ഥാപനങ്ങൾക്കും ബിസിനസുകാർക്കുംമുതൽ സാധാരണവ്യക്തികൾവരെയുള്ളവർക്കു വലിയ വെല്ലുവിളിയാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേ ലൈംഗികചൂഷണത്തിനും മറ്റുമായി നടക്കുന്ന സൈബർ, എഐ ആക്രമണങ്ങളും കൂടിയിട്ടുണ്ട്.

നിർമിതബുദ്ധിയുടെ ദുരുപയോഗവും സൈബർതട്ടിപ്പുകളും ഭയാനകമായി വർധിക്കുന്നതു രാജ്യത്തിന്റെ ഡിജിറ്റൽ ആവാസവ്യവസ്ഥയെ ബാധിക്കുന്നുണ്ട്. സാധാരണക്കാരുടെ ആശങ്കകൾ ഭീതിജനകമായ രീതിയിൽ കൂട്ടുന്നതാണ് സൈബറിടങ്ങളിലെയും ഡിജിറ്റൽ ഇടപാടുകളിലെയും വളരുന്ന സാമ്പത്തികത്തട്ടിപ്പുകൾ. മലയാളികളടക്കം ഇന്ത്യക്കാർക്കു പല രീതിയിലുള്ള സൈബർ തട്ടിപ്പുകളിൽ ശതകോടികളാണു നഷ്ടപ്പെടുന്നത്.

ഇന്ത്യയിൽ അടുത്ത വർഷത്തോടെ 85 കോടി ഇന്റർനെറ്റ് ഉപയോക്താക്കളെയാണു പ്രതീക്ഷിക്കുന്നത്. ഇന്റർനെറ്റ് ഉപയോഗം ശരവേഗം കൂടുമ്പോൾ ഇന്ത്യയിൽ സൈബർ ആക്രമണങ്ങൾ വർഷം തോറും 46 ശതമാനം വർധിക്കുകയാണ്. തായ്‌വാൻ മാത്രമാണ് ഇന്ത്യയെക്കാൾ കൂടുതലുള്ളത്. ആഗോളശരാശരി 30ശതമാനമാണെന്നാണുഗവേഷണഫലം. ഇന്ത്യ ഉൾപ്പെട്ട ഏഷ്യാ-പസഫിക് മേഖലയിൽ ഈ വർഷം ഏപ്രിലിനുശേഷം മാത്രം ആഴ്ചയിൽ 3201 സൈബർ ആക്രമണങ്ങൾ വിവിധ സ്ഥാപനങ്ങളിലുണ്ടായതായാണു റിപ്പോർട്ട്. ധനകാര്യസ്ഥാപനങ്ങൾ, ആരോഗ്യസംരക്ഷണസംവിധാനങ്ങൾ എന്നിവമുതൽ രാഷ്ട്രീയനേതാക്കളും ഉദ്യോഗസ്ഥരും മതമേലധ്യക്ഷന്മാരും വീട്ടമ്മമാരും വിദ്യാർഥികളും തൊഴിലാളികളുംവരെ സൈബർ തട്ടിപ്പുകൾക്ക് ഇരയാകുന്നു.

സർക്കാർ ഡാറ്റാബേസുകൾ മുതൽ വൻകിടസ്ഥാപനങ്ങളുടെവരെ പക്കലുള്ള വ്യക്തിപരവും സാമ്പത്തികവുമായ വിവരങ്ങൾ ചോരുന്നതു പലതരത്തിലുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ആധാർകാർഡുകളുടെ വിവരങ്ങളിൽ പലതും യുണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (യുഐഡിഎഐ)യിൽ നിന്നു ചോർന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, എച്ച്ഡിഎഫ്സി ബാങ്ക് തുടങ്ങിയവയുടെ ഡാറ്റകളും ചോർത്തി.

**മലയാളികളെ പറ്റിക്കാനെളുപ്പം**

സൈബർ, എഐ തട്ടിപ്പുകളിൽ ഭൂരിപക്ഷവും റിപ്പോർട്ടു ചെയ്യുകയോ കേസുകൾ രജിസ്റ്റർ ചെയ്യുകയോപോലും ചെയ്യാറില്ല. ഉത്തർപ്രദേശിൽ ഒരു വർഷത്തിനിടെ 19 ലക്ഷം സൈബർ തട്ടിപ്പുകേസുകളുണ്ടായെങ്കിലും 72,000 എണ്ണംമാത്രമാണു റിപ്പോർട്ടു ചെയ്യപ്പെട്ടത്. ഇതിൽ 44,000 കേസുകളുടെ അന്വേഷണം പാതിവഴിയിൽ മുടങ്ങി. കോടികളുടെയും ലക്ഷങ്ങളുടെയും സാമ്പത്തികത്തട്ടിപ്പുകളാണു കൂടുതലും.

വിദ്യാഭ്യാസവും അവബോധവും ഉണ്ടെന്നു കരുതുന്ന മലയാളികളും വലിയതോതിൽ സൈബർ, എഐ തട്ടിപ്പുകളുടെ ഇരകളാകുന്നു. ലക്ഷങ്ങളും കോടികളും നഷ്ടപ്പെടുന്ന പ്രഫഷണലുകൾ അടക്കമുള്ളവരുടെ റിപ്പോർട്ടുകൾ പതിവായി. എന്നിട്ടും, കേരളത്തിൽ സൈബർ തട്ടിപ്പുകളുടെ ഇരകൾ കൂടുകയാണ്. സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണങ്ങളും ശിക്ഷാനിരക്കും പണം വീണ്ടെടുക്കലും തീർത്തും കുറവുമാണ്.

ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്റർ ആരംഭിച്ച 'സിറ്റിസൺ ഫിനാൻഷ്യൽസൈബർഫ്രോഡ്റിപ്പോർട്ടിങ് ആൻഡ് മാനേജ്മെന്റ് സിസ്റ്റ'ത്തിൽ മാത്രം 4.7 ലക്ഷത്തിലധികം പരാതികളാണു ലഭിച്ചത്. ഇതിലൂടെമാത്രം 1200 കോടി രൂപയുടെ തട്ടിപ്പുകൾ തടയാനായെന്നാണു കേന്ദ്ര സർക്കാർ പറയുന്നത്. തട്ടിപ്പിന് ഉപയോഗിച്ചിരുന്ന 3.2 ലക്ഷത്തിലധികം സിം കാർഡുകളും മൊബൈൽ ഫോണുകൾ തിരിച്ചറിയാനുള്ള ഐഎംഇഐ (ഇന്റർനാഷണൽ മൊബൈൽ എക്വിപ്മെന്റ് ഐഡന്റിറ്റി) നമ്പരുകളും കഴിഞ്ഞ വർഷംമാത്രം തടഞ്ഞുവെന്നു സർക്കാർ പറയുന്നു. തട്ടിപ്പു നടത്തിയ മൊബൈലുകളുടെയും സിം കാർഡുകളുടെയും ചെറിയൊരു ശതമാനംമാത്രമാണിത്. എഫ്ഐആർ രജിസ്റ്റർ ചെയ്ത കേസുകൾ കെട്ടിക്കിടക്കുന്നതും അന്വേഷണത്തിലും പ്രോസിക്യൂഷനിലുമുള്ള കാലതാമസവും പ്രശ്നം വഷളാക്കുന്നു.

ഓൺലൈൻ സൈബർപരാതികൾ ഫയൽ ചെയ്യാൻ 1930 എന്ന ടോൾ ഫ്രീ ഹെൽപ് ലൈൻ നമ്പർ നിലവിലുണ്ടെങ്കിലും ഭൂരിപക്ഷം ഇരകൾക്കും ഇവിടെ ആശ്വാസം കിട്ടാറില്ല. കംപ്യൂട്ടറുകൾ, മൊബൈൽ ഫോണുകൾ, നെറ്റ്‌വർക്കുകൾ, ഡാറ്റ എന്നിവയെ സൈബർ ആക്രമണങ്ങളിൽനിന്നു സംരക്ഷിക്കാൻ ഇന്ത്യൻ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം (സിഇആർടി-ഇൻ) തുടങ്ങിയെങ്കിലും ഇതും പൂർണമായി ഫലപ്രദമായിട്ടില്ല. സിറ്റിസൺ ഫിനാൻഷ്യൽ സൈബർ ഫ്രോഡ് റിപ്പോർട്ടിങ് മാനേജ്മെന്റ് സിസ്റ്റംപോലും പല സംസ്ഥാനത്തും വ്യത്യസ്തമായാണു പ്രവർത്തിക്കുന്നത്.

**റിസർവ് ബാങ്കിന്റെ മുന്നറിയിപ്പ്**

നിർമിതബുദ്ധിയുടെ ദുരുപയോഗവും ഓൺലൈൻ തട്ടിപ്പുകളും കൂടിവരുന്നതിനാൽ ബാങ്കുകൾ ജാഗ്രത പാലിക്കണമെന്നു റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് കഴിഞ്ഞയാഴ്ച ഡൽഹിയിൽ ഓർമപ്പെടുത്തിയിരുന്നു. ധനകാര്യസേവനങ്ങളിൽ നിർമിതബുദ്ധിയുടെയും (എഐ) മെഷീൻ ലേണിങ്ങിന്റെയും ഉപയോഗം ആഗോളതലത്തിൽ വർധിച്ചുവരുന്നതുമൂലമുള്ള അപകടസാധ്യതകൾ ലഘൂകരിക്കാൻ ബാങ്കുകൾക്കു മതിയായ സംവിധാനങ്ങൾ ആവശ്യമാണെന്ന് അദ്ദേഹം മുന്നറിയിപ്പു നൽകി.

നിർമിതബുദ്ധിയെ അമിതമായി ആശ്രയിക്കുന്നതിലെ അപകടങ്ങൾ റിസർവ് ബാങ്ക് ഗവർണർ ചൂണ്ടിക്കാട്ടുന്നു. സൈബർ ആക്രമണങ്ങൾക്കും ഡേറ്റാലംഘനങ്ങൾക്കും അടക്കം എഐയുടെ ഉപയോഗം പുതിയ അപകടങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഈ സിസ്റ്റങ്ങളിലെ പരാജയങ്ങളോ തടസ്സങ്ങളോ സാമ്പത്തികമേഖലയിലുടനീളം വ്യാപിച്ചേക്കാം. കടം കൊടുക്കുന്നയാളുടെ തീരുമാനങ്ങൾ അടക്കം സാമ്പത്തിക തീരുമാനങ്ങൾ നയിക്കുന്ന അൽഗോരിതങ്ങളെ ദുരുപയോഗപ്പെടുത്തുക എളുപ്പമാണ്. നിർമിതബുദ്ധിസംവിധാനങ്ങളുടെ അതാര്യത കാര്യങ്ങൾ സങ്കീർണമാക്കുന്നു. ▶ 12

കാഴ്ചയ്ക്കപ്പുറം

വീയെൻ

# സൈക്കോകളെക്കൊണ്ട് പൊറുതിമുട്ടുമ്പോൾ

മലയാളമെന്നല്ല സമീപകാലസിനിമകൾ പലതും ഇപ്പോൾ ചെന്നുനില്ക്കുന്ന ഏകവിഷയം സൈക്കോയാണെന്ന യാഥാർഥ്യം ഒരിക്കൽക്കൂടി ഓർമയിലേക്കു കൊണ്ടുവരുന്ന ചിത്രമാണ് അമൽ നീരദ്-കുഞ്ചാക്കോ ബോബൻ -ജ്യോതിർമയി ടീമിന്റെ ബൊഗെയ്ൻവില്ല. ഹോളിവുഡിലെ ജോക്കറും തമിഴിലെ രാക്ഷസനും പോലെ എത്രയെത്ര സിനിമകൾ! മലയാളത്തിലാവട്ടെ അഞ്ചാം പാതിരായും ജോൺ ലൂഥറും ഫോറൻസിക്കുംപോലെയുള്ള സിനിമകൾ. ഏറ്റവും ഒടുവിൽ ലെവൽക്രോസ്. അങ്ങനെയുള്ള സൈക്കോ പരമ്പരയിലെ പുതിയൊരു അധ്യായമാണ് ബൊഗെയ്ൻവില്ല.

കേന്ദ്രകഥാപാത്രംതന്നെ സൈക്കോയാണ് എന്നതാണ് മലയാളത്തിലെ മറ്റു സൈക്കോസിനിമകളിൽനിന്നു ബൊഗെയ്ൻവില്ലയെ വ്യത്യസ്തമാക്കുന്ന ഘടകം. മാത്രവുമല്ല, ചോക്ലേറ്റ് പരിവേഷത്തിൽനിന്ന് ഇപ്പോഴും പൂർണമായും വിട്ടുനില്ക്കാൻ കഴിയാത്ത, സിനിമയിലെ നല്ല ഇമേജുകാരനായ കുഞ്ചാക്കോ ബോബനാണ് നെഗറ്റീവ് ഷെയ്ഡിലുള്ള ഈ കഥാപാത്രത്തെ അവതരിപ്പിച്ചിരിക്കുന്നതെന്നതാണ് മറ്റൊരു പ്രത്യേകത. സിനിമയുടെ സിംഹഭാഗവും പ്രേക്ഷകരിൽ തെറ്റുധാരണയുണർത്തിക്കൊണ്ട് നല്ലപിള്ള ചമയുകയും പിന്നീട് യഥാർഥ പ്രശ്നക്കാരൻ ഈ കേന്ദ്രകഥാപാത്രംതന്നെയായി മാറുന്നതുമായ പരിണാമം മനോവിശ്ലേഷണത്തിന്റെ പരിധിയിൽപ്പെടുന്ന പല സിനിമകളുടെയും പൊതുസവിശേഷതയാണ്. മാടമ്പള്ളിയിലെ യഥാർഥ മനോരോഗിയെ പുറത്തുകൊണ്ടുവന്ന മണിച്ചിത്രത്താഴും പൃഥ്വിരാജിന്റെ എസ്രയുമൊക്കെയാണ് ഇതിലേക്ക് ഉദാഹരിക്കാവുന്ന ചില ചിത്രങ്ങൾ.

സൈക്കോസിനിമകളിലെ കൊലപാതകപരമ്പരകൾക്കും അക്രമിയുടെ മാനസികാവസ്ഥയ്ക്കും ന്യായീകരണത്തിന്റെ പട്ടും വളയും നല്കി അവരെ സമാധാനിപ്പിക്കാനും വെളുപ്പിച്ചെടുക്കാനുമുള്ള നീക്കങ്ങളും ഓരോ സൈക്കോസിനിമയ്ക്കുമുണ്ട്. ആ വഴിയേതന്നെയാണ് അമൽ നീരദും സഞ്ചരിക്കുന്നത്. ഡോക്ടർ റോയിസിന്റെ ബാല്യകാലത്തുണ്ടായ അനുഭവങ്ങളും കാഴ്ചകളുമാണ് അയാളെ ഇത്തരത്തിലുള്ള ചില വൈകൃതങ്ങളിലേക്കു തള്ളിയിട്ടതെന്നാണ് പ്രസ്തുത ചിത്രവും പറയുന്നത്.

എല്ലാ ആൺകുട്ടികൾക്കും അവരുടെ ഹീറോ അപ്പനായിരിക്കും. എന്നാൽ, തന്റെ ഹീറോ വല്യപ്പനാണ് എന്നാണ് അതേക്കുറിച്ചുള്ള നായകന്റെ ഓർമ.

ജന്മിയായ വല്യപ്പന്റെ സകല ക്രൂരതകൾക്കും നിശ്ശബ്ദസാക്ഷിയായി ജീവിക്കേണ്ടിവരുന്ന നിസ്സഹായബാല്യമായിരുന്നു റോയിസിന്റേത് (ഫ്യൂഡൽമേധാവിത്വം അമൽ നീരദിന്റെ പല സിനിമകളിലും കടന്നുവരുന്നുണ്ട്. ഇയ്യോബിന്റെ പുസ്തകവും വരത്തനും മുതൽ ഭീഷ്മപർവത്തിലെ വിവാദനായകൻ മൈക്കിളപ്പവരെയുള്ള മുൻകാലസിനിമകളിലെ കേന്ദ്രകഥാപാത്രങ്ങളുടെ ജീവിതവും ചെയ്തികളും ഫ്യൂഡൽ മേധാവിത്വത്തിന്റേതുതന്നെയാണ്).

അന്നുകണ്ട കാഴ്ചകളും കേൾവികളും അവയിലെ തിന്മകളും അയാളുടെ വ്യക്തിത്വത്തിലേക്കു മഷിയെന്നതുപോലെ പടർന്നിറങ്ങുകയായിരുന്നു. എന്നാൽ, പൊതുസമൂഹത്തിന്റെ മുമ്പിൽ അയാൾ നല്ലവനും സ്നേഹമയനുമായി പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ചെകുത്താൻ ജീവിച്ചിരിപ്പില്ല എന്നു വിശ്വസിക്കുന്നിടത്താണ് അവന്റെ വിജയം എന്ന് ബൊഗെയ്ൻവില്ലയിലെ ഫഹദ് ഫാസിലിന്റെ കഥാപാത്രം പറയുന്നുണ്ട്.

സാത്താന്റെ അസ്തിത്വത്തെ അംഗീകരിക്കാൻ പലപ്പോഴും പുരോഗമനവാദത്തിന്റെ പേരുപറഞ്ഞ് പലർക്കും കഴിയാറില്ല. അതുകൊണ്ടുതന്നെ സാത്താൻ വിജയിച്ചുകൊണ്ടാണിരിക്കുന്നതും. നന്മയ്ക്കും ദൈവത്തിനും വിരുദ്ധമായി പ്രവർത്തിക്കുന്ന ഏതൊരു മനുഷ്യനും സാത്താനായി മാറിക്കൊണ്ടിരിക്കുകയാണ്. ഡോക്ടർ റോയിസ് മനുഷ്യരൂപത്തിലുള്ള സാത്താനാണ്. നിരപരാധികളായ പെൺകുട്ടികളെയാണ് അയാൾ ക്രൂരമായി കൊന്നൊടുക്കുന്നത്. കൊല്ലപ്പെട്ട പെൺകുട്ടികളുടെ അടിവസ്ത്രങ്ങളുൾപ്പെടെ പല ആക്സസറികളും സൂക്ഷിച്ചുവയ്ക്കുന്ന മനോവൈകൃതവും അയാൾക്കുണ്ട് (ലെവൽക്രോസ് സിനിമയിൽ ആസിഫ് അലി താൻ കൊലചെയ്തവരുടെ എണ്ണം ഓർമിക്കുന്നത് ഓരോ മെഡലുകളായിട്ടാണ്).

റോയിസും വല്യപ്പനും നടത്തുന്ന കൊടുംക്രൂരതകളുടെ വിവരണം രേഖപ്പെടുത്താത്തത് അത് അത്രമേൽ പ്രേക്ഷകരെ അസ്വസ്ഥരാക്കിയേക്കും എന്നു കരുതുന്നതുകൊണ്ടാണ്. പലതരത്തിലുള്ള ലൈംഗികവൈകൃതങ്ങൾക്കടിമകളായ കഥാപാത്രങ്ങളും അമൽ നീരദിന്റെ സിനിമകളിൽ പ്രത്യക്ഷപ്പെടാറുണ്ട്.

വരത്തൻ സിനിമയിൽ വിജിലേഷ് എന്ന നടൻ അവതരിപ്പിക്കുന്ന കഥാപാത്രത്തിന്റെ വികസിതരൂപമാണ് ബൊഗെയ്ൻവില്ലയിലെ ഡോക്ടർ കഥാപാത്രം.



സെക്ഷ്വൽ ഫെറ്റിഷിസത്തിന്റെ ഭാഗമായ അടിവസ്ത്ര ഫെറ്റിഷിസം വരത്തനിൽ വരച്ചുകാണിക്കുമ്പോൾ ബൊഗെയ്ൻവില്ലയിൽ അതു മറ്റു പലതരത്തിലുള്ള ഫെറ്റിഷിസത്തിലേക്കുകൂടി വ്യാപിച്ചിരിക്കുന്നതായി കാണാം. ഭീഷ്മപർവത്തിൽ ഷൈൻ ചാക്കോ ടോമിന്റെ കഥാപാത്രം ബൈ സെക്ഷ്വലായിരുന്നല്ലോ? ഇയ്യോബിന്റെ പുസ്തകത്തിൽ ഇയ്യോബിന്റെ മക്കളിലൊരുവനെ ലൈംഗികശേഷി നഷ്ടപ്പെട്ടവനായിട്ടാണു ചിത്രീകരിച്ചിരിക്കുന്നത്.

ഇങ്ങനെ മുൻസിനിമകളിൽ പലതരത്തിൽ അവതരിപ്പിക്കപ്പെട്ട മനോവൈകൃതക്കാരുടെ തുടർച്ചയായിത്തന്നെയാണ് ബൊഗെയ്ൻവില്ലയിലെ ഡോക്ടറും കടന്നുവരുന്നത്. ലൈംഗികവൈകൃതവും മനോവൈകൃതവും ബന്ധപ്പെട്ടാണിരിക്കുന്നതെന്നാണ് ഇവയെല്ലാം വ്യക്തമാക്കുന്നത്.

വേഗത്തിൽ കഥ പറഞ്ഞുപോകുന്ന ഇന്നത്തെ സിനിമാന്തരീക്ഷത്തിൽ സ്ലോ സ്പെയ്സിൽ കഥ പറയുന്നതാണ് അമൽ നീരദിന്റെ എന്നത്തെയും രീതി. അമൽ നീരദിന്റെ സിനിമയാണോ സ്ലോമോഷനുണ്ടായിരിക്കും എന്ന രീതിയിൽ ഉദാരരാവാറുണ്ട് പ്രേക്ഷകരും. ആ പൊതുരീതിതന്നെയാണ് ബൊഗെയ്ൻവില്ലയും പിന്തുരുന്നത്. പക്ഷേ, ക്ലൈമാക്സാണ് പ്രേക്ഷകനോടു തെല്ലും നീതികാണിക്കാതെപോയത്. ബോധരഹിതരായി കിടക്കുന്ന സ്ത്രീകഥാപാത്രങ്ങളെല്ലാം ഊർജസ്വലത വീണ്ടെടുത്ത് പ്രതിയോഗിയെ ഒരുമിച്ചുനിന്നാക്രമിക്കുന്നതിലെ ഔചിത്യം എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല (അതുവരെ ശാന്തസ്വഭാവിയായിരുന്ന വരത്തനിലെ നായകൻ അത്യാധുനികസങ്കേതങ്ങൾ ഉപയോഗിച്ച് ഒരുസംഘം ആളുകളെ നിഷ്പ്രയാസം തറപറ്റിക്കുന്നതിലെ വീരസ്യംതന്നെ ഇവിടെയും പകർത്തിയിരിക്കുന്നു). അതിനിടയിൽ വീട്ടുജോലിക്കാരിയുടെ മാസ് ഡയലോഗും: 'ഇവനൊക്കെ ഇത്രയുമേയുള്ളൂ ചേച്ചി.' ഒരു സൈക്കോയെ തോല്പിക്കാൻ മൂന്നുപെണ്ണുങ്ങൾക്കു സാധിക്കും എന്നതിലൂടെ ഫെമിനിസ്റ്റുകാഴ്ചപ്പാടുകൾ വ്യക്തമാക്കുകയാണോ സംവിധായകൻ? ആർക്കറിയാം?

അഭിനയത്തിന്റെ കാര്യത്തിൽ എപ്പോഴും വിസ്മയം തീർക്കാറുള്ള ഫഹദ് ഫാസിലിനു പ്രത്യേകമായി ഒന്നും ചെയ്യാനില്ലാതെപോയി എന്നതാണ് ബൊഗെയ്ൻവില്ലയുടെ ഒരു ന്യൂനത. പൂർണമായും ഇതൊരു ജ്യോതിർമയിചിത്രമാണെന്നു പറയുന്നതാവും കൂടുതൽ നല്ലത്. വിവാഹത്തോടെ അഭിനയത്തോടു വിട പറഞ്ഞ് വീട്ടമ്മമാരായി കഴിഞ്ഞുകൂടുന്ന ധാരാളം നായികമാരുള്ള മലയാളസിനിമയിൽ തന്റെ ഭാര്യകൂടിയായ നടിയുടെ രണ്ടാംവരവിനുവേണ്ടി ഇതുപോലൊരു ചിത്രം ചെയ്യാൻ തയ്യാറായ സംവിധായകനും ഭർത്താവുമായ അമൽ നീരദിന് ഒരു കൈയടി കൊടുക്കേണ്ടതുമുണ്ട്.

അതെന്തായാലും, സിനിമ കണ്ടിറങ്ങിയപ്പോൾ മനസ്സിൽ തോന്നിയ ഒരു ചോദ്യമുണ്ട്: ഇത്തരം സിനിമകൾ കണ്ടിറങ്ങുന്ന ഒരു പ്രേക്ഷകന് എന്താണ് അനുഭവിക്കാൻ സാധിക്കുന്നത്? ഒന്നുകിൽ ചിന്തിക്കാൻ എന്തെങ്കിലുമുണ്ടാവണം, അല്ലെങ്കിൽ മനസ്സിനെ ഫ്രീയാക്കാൻ കഴിയുന്ന വിധത്തിലുള്ള രസതന്ത്രമുണ്ടായിരിക്കണം. ആസ്വദിക്കാൻ കഴിയുന്ന വിധത്തിലുള്ള ചേരുവകളുണ്ടായിരിക്കണം. ആത്യന്തികമായി സിനിമ ഒരു വിനോദോപാധിയാണല്ലോ.

എന്നാൽ, അതിനൊന്നും കോപ്പുകളില്ലാതെ സംവിധായകന്റെ മേയ്ക്കിങ് രീതി കണ്ടു കൈയടിച്ചു പുറത്തിറങ്ങാൻമാത്രം വിലകെട്ടവരായിപ്പോയോ പ്രേക്ഷകർ? അതുമല്ലെങ്കിൽ മനസ്സു കുറെക്കൂടി തമോഗർത്തങ്ങളിലേക്കു വീണുപോയതായ അനുഭവവുമായി മടങ്ങിപ്പോകേണ്ട ഗതികേടിലെത്തിയോ പ്രേക്ഷകർ? സൈക്കോവിഷയങ്ങളിൽനിന്ന് ഇനിയെങ്കിലും സിനിമയിലെ അണിയറപ്രവർത്തകർ അകലം പാലിക്കുകയും അതിൽനിന്നു പുറത്തുവരികയും ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

■

# പാവം കർഷകർ എന്തു പിഴച്ചു?

## ഇ.എസ്.എ. – വസ്തുതകളും ആശങ്കകളും പരിഹാരങ്ങളും



ഡോ. ജോസുകുട്ടി ജെ. ഒഴുകയിൽ

**പ**ശ്ചിമഘട്ടപ്രദേശത്ത് ജൈവവൈവിധ്യസംരക്ഷണവും, പരിസ്ഥിതിസംരക്ഷണവും സാധ്യമാക്കുന്നതിനും, ഈ പ്രദേശങ്ങൾക്കു ലോകപൈതൃകപദവി നേടിയെടുക്കുന്നതിനുംവേണ്ടി 2010 മാർച്ചിലാണ് ഗാഡ്ഗിൽ കമ്മിറ്റിയെ നിയോഗിക്കുന്നത്. 2011 ഓഗസ്റ്റ് 31 ന് കമ്മിറ്റി അവരുടെ ശിപാർശകൾ കേന്ദ്രസർക്കാരിനു സമർപ്പിച്ചു.

പശ്ചിമഘട്ടത്തിലെ മലയോരമേഖലകൾ ഏതാണ്ട് പൂർണമായും ഉൾപ്പെടുന്നതും കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതുമായ ശിപാർശകളിൽ ഈ പ്രദേശത്തിന്റെ നിയന്ത്രണത്തിനായി വെസ്റ്റേൺ ഗാട്ട് ഇക്കോളജിക്കൽ അതോറിറ്റി [WGEA] എന്ന ഭരണസംവിധാനം രൂപീകരിക്കണമെന്ന നിർദ്ദേശവും ഉൾപ്പെടുന്നതായിരുന്നു ഗാഡ്ഗിലിന്റെ ശിപാർശകൾ.

1600 കിലോമീറ്റർ നീളമുള്ള പശ്ചിമഘട്ടപർവതശൃംഖല ഗുജറാത്ത്, ഗോവ, മഹാരാഷ്ട്ര, കർണാടകം, തമിഴ്നാട്, കേരളം എന്നീ ആറു സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്നു.

പശ്ചിമഘട്ടത്തെ ഏഴു ക്ലസ്റ്ററുകളായി തിരിച്ച് ആകെ 39 സൈറ്റ്ഘടകങ്ങൾ ഉൾപ്പെടുന്നതാണ് ലോകപൈതൃകപ്രദേശമായി നിശ്ചയിച്ചിരിക്കുന്നത്.

ഇതിൽ സൈറ്റുകൾ തമ്മിലുള്ള തുടർച്ച ലക്ഷ്യമിട്ടാണ് യുനെസ്കോതാത്പര്യപ്രകാരം ബഫർസോൺ നിർദേശം ഉയർന്നുവന്നത്. പല സംസ്ഥാനങ്ങളിലായാണ് 39 സൈറ്റുകൾ കിടക്കുന്നത്. അതെല്ലാംകൂടി ഒരു അധികാരകേന്ദ്രത്തിനുകീഴിൽ വരാൻവേണ്ടിയാണ് പശ്ചിമഘട്ട അതോറിറ്റി (WGEA) രൂപീകരിക്കാൻ നിർദേശിച്ചത്. സുപ്രീംകോടതിക്കുപോലും ചോദ്യം ചെയ്യാൻ പറ്റാത്ത സ്റ്റാറ്റ്യൂട്ടറി ബോഡിയാണിത്.

തികച്ചും ജനാധിപത്യവിരുദ്ധവും അമിതാധികാരങ്ങളുള്ളതുമായ ഈ അതോറിട്ടിക്കു കീഴിൽ പശ്ചിമഘട്ടത്തെ കൊണ്ടുവരാനുള്ള നീക്കം വളരെ ഉത്തരവാദിത്വപ്പെട്ടവർപോലും തിരിച്ചറിഞ്ഞിരുന്നില്ല.

പശ്ചിമഘട്ടമേഖലയുടെ പഠനത്തിനായി ഗാഡ്ഗിൽ കമ്മിറ്റി ആശ്രയിച്ചത് വിവിധ പരിസ്ഥിതിശാസ്ത്രജ്ഞരും തീവ്രപരിസ്ഥിതിസംഘടനകളും അന്തർദേശീയ സാമ്പത്തികസഹായത്തോടെ നടത്തിയ പഠനറിപ്പോർട്ടുകളായിരുന്നു. അതുകൊണ്ടുതന്നെ പ്രസ്തുത റിപ്പോർട്ട് യുഎന്നിന്റെ [UN] പരിസ്ഥിതിസംരക്ഷണപ്രോട്ടോക്കോളുകൾക്കു വിരുദ്ധമായിരുന്നു.

ഇഎസ്എ ആയി പ്രഖ്യാപിക്കപ്പെടുന്ന പ്രദേശത്തെ ജനങ്ങളുടെ തൊഴിൽ, സാമ്പത്തികവികസനം, ജീവിതനിലവാരം, വ്യാവസായികവികസനം തുടങ്ങിയവയെ പ്രതികൂലമായി ബാധിക്കുന്നതും കടുത്ത പരിസ്ഥിതിനിയമനിയന്ത്രണങ്ങൾക്കു കീഴിൽ ഈ പ്രദേശത്തെ കൊണ്ടുവരുന്നതും നടപ്പിലാക്കാൻ കഴിയാത്തതുമായിരുന്നു പ്രസ്തുത ശിപാർശകൾ.

### കസ്തൂരി രംഗൻ കമ്മിറ്റി

ജനങ്ങളുടെ പ്രതിഷേധത്തെത്തുടർന്ന് കേന്ദ്രസർക്കാർ, റിപ്പോർട്ട് (WGEEP Report) സമഗ്ര വിലയിരുത്തലിനു വിധേയമാക്കുകയും നടപ്പാക്കാൻ കഴിയില്ല എന്നു മനസ്സിലാക്കിക്കൊണ്ട് പരിഹാരം കണ്ടെത്തുന്നതിനായി കസ്തൂരിരംഗന്റെ നേതൃത്വത്തിൽ ഉന്നതതല മേൽനോട്ടസമിതിയെ (HLWG) നിയമിക്കുകയും ചെയ്തു. പശ്ചിമഘട്ടത്തിന്റെ വിസ്തീർണം ഏതാണ്ട് 1,60,000 ചതുരശ്രകിലോമീറ്ററായി കണക്കാക്കി അതിന്റെ 37 ശതമാനം വരുന്ന 59,940 ചതുരശ്രകിലോമീറ്റർ സ്ഥലം ഇഎസ്എ ആയി കസ്തൂരിരംഗൻ നിർണയിച്ചു. താലൂക്കിനു പകരം വില്ലേജ് അടിസ്ഥാനയൂണിറ്റായിരിക്കുമെന്നും തീരുമാനിച്ചു.

കസ്തൂരിരംഗൻ റിപ്പോർട്ടുപ്രകാരം, കേരളത്തിലെ 123 വില്ലേജുകളിലായി 13108 ചതുരശ്രകിലോമീറ്റർ സ്ഥലമാണ് ഇഎസ്എ കണ്ടെത്തിയത്. എന്നാൽ, ഇത് കേരളത്തിന്റെ ആകെ വനവിസ്തൃതിയെക്കാൾ വളരെ കൂടുതലായതിനാൽ ജനങ്ങളുടെ ഭാഗത്തുനിന്നുള്ള എതിർപ്പ് വീണ്ടും ശക്തമായി.

കസ്തൂരിരംഗൻറിപ്പോർട്ടുപ്രകാരം, മറ്റ് അഞ്ചു സംസ്ഥാനങ്ങളിലും ഇഎസ്എ വിസ്തീർണം അവിടുത്തെ നാച്ചുറൽ ലാൻഡ് സ്കേപ്പിനെക്കാൾ (സ്വാഭാവികവനഭൂമി) കുറവായിരുന്നു. കേരളത്തിൽ മാത്രം നാച്ചുറൽ ലാൻഡ്സ്കേപ്പായി കണക്കാക്കിയ 12,447 ചതുരശ്ര കിലോമീറ്ററിലും 631 ചതുരശ്ര കി.മീ. അധികമായി.

കേന്ദ്രനിലപാടുപ്രകാരം ജനവാസമേഖലകളും കൃഷിയിടങ്ങളും തോട്ടങ്ങളും ഒഴിവാക്കി റിസർവ് ഫോറസ്റ്റുകളും സംരക്ഷിതപ്രദേശങ്ങളും ലോകപൈതൃകപദവിപ്രദേശങ്ങളുംമാത്രം ഇഎസ്എ പ്രഖ്യാപനത്തിനായി നൽകിയാൽ മതി. ഈ പ്രദേശങ്ങളുടെ ജിയോ കോർഡിനേറ്റുകൾ രേഖപ്പെടുത്തിയ ഇഎസ്എ വില്ലേജ് ഷെയ്പ് മാപ്പ് ഫയൽസാണ് കേന്ദ്രത്തിനു നൽകേണ്ടത്. കസ്തൂരിരംഗൻറിപ്പോർട്ടിനോടുള്ള ജനകീയപ്രതിഷേധം ശക്തമായപ്പോൾ അപാകതകൾ പരിഹരിക്കുന്നതിനായി ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയെ സംസ്ഥാനസർക്കാർ നിയമിച്ചു.

ഉണ്ടായിരിക്കേണ്ട തുല്യതയും അവസര സമത്വവും ഇല്ലാതാകും

ഇക്കാര്യം കാണിച്ചുകൊണ്ട് നിരവധി പരാതികൾ കേന്ദ്ര വനം-പരിസ്ഥിതിമന്ത്രാലയത്തിനു സമർപ്പിച്ചതിന്റെ ഫലമായി 11-04-2018 ൽ കേന്ദ്ര വനം-പരിസ്ഥിതിമന്ത്രാലയത്തിന്റെ അഡീഷണൽ സെക്രട്ടറിയായിരുന്ന ശ്രീ എ.കെ മിശ്രയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇഎസ്എ ആയി രേഖപ്പെടുത്തിയിരുന്ന വില്ലേജ്മാനദണ്ഡങ്ങളിലെ (രേഖകളിലെ) വൈരുധ്യങ്ങളെക്കുറിച്ചും പൊതുജനങ്ങളുടെ പരാതികളെക്കുറിച്ചും ചർച്ച ചെയ്ത്, അവ പരിഹരിച്ച് കേരളത്തിന്റെ ഇഎസ്എ പ്രദേശങ്ങളുടെ മാപ്പ് ഉൾപ്പെടെ കാലവിളംബം കൂടാതെ സമർപ്പിക്കുമെന്ന് അറിയിക്കുകയും ചെയ്തു.



### ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി

ഡോ. ഉമ്മൻ വി. ഉമ്മന്റെ നേതൃത്വത്തിൽ നിയമിക്കപ്പെട്ട മൂന്നംഗ വിദഗ്ധസമിതി കേരളത്തിലെ 123 വില്ലേജുകളിലെ 9993.7 ചതുരശ്രകിലോമീറ്റർ ഇഎസ്എ ആകുമെന്നും അതിൽ 9107 ചതുരശ്രകിലോമീറ്റർ വനപ്രദേശവും ബാക്കി 886.7 ചതുരകിലോമീറ്റർപ്രദേശം വനേതരവുമായിരിക്കുമെന്നും കണക്കാക്കി റിപ്പോർട്ട് സമർപ്പിച്ചു.

ഈ റിപ്പോർട്ട് സംസ്ഥാനസർക്കാർ കേന്ദ്രപരിസ്ഥിതിമന്ത്രാലയത്തിനു സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 10-3-2014 ലെ ആദ്യകരട് ഇഎസ്എ വിജ്ഞാപനത്തിൽ കേരളത്തിന്റെ ഇഎസ്എ 123 വില്ലേജുകളിലായി 9993.7 ചതുരശ്രകിലോമീറ്റർ ആയിരിക്കുമെന്നു പ്രഖ്യാപിക്കുകയും പരാതി സമർപ്പിക്കുന്നതിന് ആറുമാസം സമയം അനുവദിക്കുകയും ചെയ്തു.

കരടുവിജ്ഞാപനത്തിന്റെ കാലാവധി തീർന്ന മുറയ്ക്ക് ഇതേ വിജ്ഞാപനം വീണ്ടും 2015, 2017, 2018, 2022, 2024 എന്നീ വർഷങ്ങളിൽ പുനർവിജ്ഞാപനം ചെയ്യുകയും ചെയ്തു. ആദ്യവിജ്ഞാപനത്തിലെ അതേ വിസ്തൃതിതന്നെയാണ് തുടർന്നുള്ള വിജ്ഞാപനങ്ങളിലും ആവർത്തിച്ചത്. എന്നാൽ, വില്ലേജുകളുടെ എണ്ണം 123 ൽനിന്ന് 131 ആയി ഉയർന്നു. ഇക്കാലയളവിൽ പഴയ വില്ലേജുകളിൽ പലതും വിഭജിച്ച് പുതിയ വില്ലേജുകൾ രൂപീകരിച്ചതിനാലാണ് വില്ലേജുകളുടെ എണ്ണം വർദ്ധിച്ചത്. ഈ 123 വില്ലേജുകളിൽ പലതിലും ജനസാന്ദ്രത വളരെ കൂടുതലും വനഭൂമി വളരെ കുറവുമാണ്.

ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിൽ നൂറിൽ താഴെയും വനവിസ്തൃതി വില്ലേജിന്റെ വിസ്തൃതിയുടെ 20 ശതമാനത്തിൽ കൂടുതലുമുള്ള വില്ലേജുകളെയായിരുന്നു ഇഎസ്എയിൽ ഉൾപ്പെടുത്തേണ്ടിയിരുന്നത്. കേരളത്തിൽ ആളോഹരി ഭൂവിസ്തൃതി വളരെ കുറവാണ്. മാത്രവുമല്ല, പരിസ്ഥിതിനിയന്ത്രണങ്ങൾ ജനവാസമേഖലയിൽ കടന്നുകയറുന്നതുവഴി ജനജീവിതം ദുസ്സഹമാവുകയും ചെയ്യും. കൂടാതെ, ഇഎസ്എ പ്രദേശത്തെ ജനങ്ങൾക്കു മറ്റു പ്രദേശത്തുള്ളവരുമായി

### 10-06-2018 ലെ കേരള ശിപാർശക്കത്ത്

ഭൂമിവിഷയം എന്നത് സംസ്ഥാനത്തിന്റെ കാര്യമാണ്, ഇക്കാര്യത്തിൽ പിടിവാശികൾ ഇല്ലായെന്നതാണ് കേന്ദ്രത്തിന്റെ സമീപനം. അതനുസരിച്ച് ജനവാസമേഖലകളും തോട്ടങ്ങളും ജലാശയങ്ങളും ഒറ്റപ്പെട്ട വനപ്രദേശങ്ങളും പാറപ്രദേശങ്ങളും ഒഴിവാക്കി റിസർവ് വനത്തിലും സംരക്ഷിതവനപ്രദേശത്തുംമാത്രമായി ശിപാർശ ചെയ്താൽ മതിയെന്ന് സംസ്ഥാനസർക്കാർ തീരുമാനിച്ചു. അതേത്തുടർന്ന് 'കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻഡ് എൻവയൺമെന്റ് സെന്റർ' കേരള വനംവകുപ്പിൽനിന്നു ലഭ്യമായ ഭൂവിവരങ്ങളും സർവേ ഓഫ് ഇന്ത്യയുടെ ആധികാരികരേഖകളായ ടോപ്പ് ഷീറ്റുകളം (Top Sheets) കഡസ്ട്രൽ മാപ്പുകളും (cadastral Maps) ഉപഗ്രഹചിത്രങ്ങളും (Satalite images) ഉപയോഗിച്ചു പഠനം നടത്തുകയും, അതിൻപ്രകാരം 92 വില്ലേജുകളിലായി 8656.4 ചതുരശ്രകിലോമീറ്റർ കേരളത്തിന്റെ മൊത്തം ഇഎസ്എ ആയി കണക്കാക്കി റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത പ്രദേശത്തിന്റെ ഇഎസ്എ മാപ്പ് തയ്യാറാക്കുകയും ചെയ്തു.

കേരളമന്ത്രിസഭ ഇത് അംഗീകരിക്കുകയും 2018 ജൂൺ 16 ന് പുതുക്കിയ ശിപാർശകൾ കേന്ദ്രത്തിനു സമർപ്പിക്കുകയും ചെയ്തു. എന്നാൽ, ഇതനുസരിച്ച് തുടർനടപടികളോ ഈ ശിപാർശ സ്വീകരിച്ചു എന്ന അറിയിപ്പോ കേന്ദ്രത്തിൽനിന്ന് ഉണ്ടായിട്ടില്ല.

കേന്ദ്ര വനം-പരിസ്ഥിതിമന്ത്രാലയം 2021 ഒക്ടോബർ അഞ്ചിനു നടത്തിയ ഓൺലൈൻ മീറ്റിങ്ങിൽ ഇഎസ്എ വിജ്ഞാപനത്തിനായി 'കോർ ഇഎസ്എ-നോൺ കോർ ഇഎസ്എ എന്ന പുതിയ ആശയം അവതരിപ്പിച്ചുവെങ്കിലും കേരളം ഇതിനോടു വിയോജിപ്പു പ്രകടിപ്പിക്കുകയും കേരളത്തിന്റെ ഇഎസ്എ 8656.46 ചതുരശ്രകിലോമീറ്ററായി നിജപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

*(ശേഷം 12-ാം പേജിൽ)*

# ഇന്നും മുഴങ്ങുന്ന സംഗീതവിസ്മയം

## കർണാടകസംഗീതലോകത്തെ നിത്യവിസ്മയമായിരുന്ന ചെമ്പൈ വൈദ്യനാഥഭാഗവതരുടെ ഓർമകൾക്ക് അരനൂറ്റാണ്ട്



ളാക്കാട്ടൂർ പൊന്നപ്പൻ

**ക**ർണാടക സംഗീതമണ്ഡലത്തെ ഏഴു പതിറ്റാണ്ടോളം ഹർഷോന്മാദത്തിലാറാടിച്ച് അഞ്ചു പതിറ്റാണ്ടുമുമ്പു കടന്നുപോയ ആ മഹാഗുരുവിനെ ഒരിക്കൽക്കൂടി ഓർമിച്ചുകൊണ്ട് ഒക്ടോബർ 16 കടന്നുപോയി. അതേ, 1974 ലായിരുന്നു ആ ശ്രുതിധാര മുറിഞ്ഞുപോയത്. ഇന്നും ഗുരുവായൂരമ്പലത്തിൽ നടക്കുന്ന ചെമ്പൈ സംഗീതോത്സവത്തിലൂടെ ദശലക്ഷക്കണക്കിന് ആരാധകർ ആ മഹാത്മാവിന്റെ ഓർമ നിലനിർത്തുന്നു.

പാലക്കാട് ജില്ലയിലെ കോട്ടായി പഞ്ചായത്തിലുൾപ്പെട്ട ചെമ്പൈ എന്ന അഗ്രഹാരത്തിൽ 1896 സെപ്റ്റംബർ 14 നു ജനനം. അച്ഛൻ അനന്തമൂർത്തി ഭാഗവതർ. അമ്മ – പാർവ്വതി അമ്മാൾ. ത്യാഗരാജസ്വാമികളുടെ സമകാലികനായിരുന്ന ചക്രതാനം സുബ്ബയ്യർ, ചെമ്പൈ വൈദ്യനാഥഭാഗവതരുടെ മുതുമുത്തച്ഛനായിരുന്നു. 'കൊച്ചുവൈത്തി' എന്ന വിളിപ്പേരിൽ ചെമ്പൈ ഗ്രാമത്തിൽ ഓടിക്കളിച്ച അയ്യർബാലൻ, പിൽക്കാലത്ത് ആ ഗ്രാമത്തിന്റെതന്നെ പേര് ശിരസ്സിൽ ചൂടി വിഹരിച്ചു ഭാഗവതരായി! കേരളത്തിനകത്തും പുറത്തും പുകൾപെറ്റ സംഗീതചക്രവർത്തിയായി! വൈത്തിഭാഗവതരെന്നും ചെമ്പൈസ്വാമിയെന്നും അദ്ദേഹത്തെ വിളിച്ചിരുന്നു. മൂന്നാം വയസ്സിൽ സ്വന്തം പിതാവിനു ദക്ഷിണവച്ചാണ് സംഗീതപഠനം ആരംഭിച്ചത്. എട്ടാം വയസ്സിൽ വൈത്തിയുടെ അരങ്ങേറ്റം. പിന്നീടങ്ങോട്ട് സ്വജീവിതം സംഗീതത്തിനുവേണ്ടി സമർപ്പിച്ചു. ഗുരുവായൂരപ്പന്റെ പരമഭക്തനായാണു നാം കാണുന്നത്. സംഗീതതപസ്യയിലൂടെ കർണാടകസംഗീതത്തെ പ്രശസ്തിയിലേക്കുയർത്തി ആനന്ദത്തിന്റെ ശ്രുതിമഴ തീർത്ത ആ സുവർണനാദത്തിന്റെ മാസ്മരികത, ലോകം ആവോളം ആസ്വദിച്ചു.

ആരിയക്കുടി രാമാനുജം അയ്യങ്കാർ, മഹാരാജപുരം വിശ്വനാഥ അയ്യങ്കാർ എന്നിവരുടെകൂടെ ചെമ്പൈ വൈദ്യനാഥ അയ്യരെയും ചേർത്ത് അഭിനവസംഗീതത്രിമൂർത്തികൾ എന്നു വിശേഷിപ്പിച്ചുപോരുന്നു.

ശാസ്ത്രീയ സംഗീതത്തിലെ അഗാധപാണ്ഡിത്യം! അദ്വിതീയമായ സ്വരശുദ്ധിയിൽ ലയിച്ച ശബ്ദഗാംഭീര്യം! ഉയർന്ന ആവൃത്തിയിലുള്ള മധുരതരമായ നാദപ്രയോഗം! ഗമകപ്രയോഗത്താലും സ്വരപ്രസ്താരത്താലും നിരവലിലെ നിർഗളസംഗതികളാലും ശ്രോതാക്കളെ ഉന്മത്തരാക്കി കച്ചേരികളെ ചടുലതരമാക്കാനുള്ള അന്യാദൃശമായ കഴിവ് ചെമ്പൈയ്ക്കുണ്ടായിരുന്നു! പക്കവാദ്യക്കാർക്കും തിളങ്ങാനുള്ള അവസരം കച്ചേരികളിൽ അദ്ദേഹം സൃഷ്ടിക്കുമായിരുന്നു. ഗമകപ്രയോഗങ്ങളിൽ അദ്ദേഹം നടത്തിയിട്ടുള്ള പരീക്ഷണങ്ങളെ സംഗീതജ്ഞരിൽ ചിലരെങ്കിലും വിമർശിച്ചതായി കേട്ടിട്ടുണ്ട്. ഒരുപക്ഷേ, അപ്രാപ്യമായ പലതിനെയും എതിർക്കുന്ന ചിലരുടെ തമാശയായി അതിനെ കണക്കാക്കിയാൽ മതിയാകും.

സുവിദിതമാണ് ആ മഹാന്റെ ജീവചരിത്രം. അതു വീണ്ടും ആവർത്തിക്കാൻ ശ്രമിക്കുന്നില്ല. കേട്ടറിഞ്ഞതും അത്ര പ്രസിദ്ധമല്ലാത്തതുമായ ചില നുറുങ്ങുകൾ ആ വ്യക്തിത്വത്തെ അപഗ്രഥിക്കാൻ പോരുന്നവയായതിനാൽ പങ്കിടാൻ ആഗ്രഹിക്കുന്നു.

സംഗീതലോകത്തിലെ വിലപ്പെട്ട അംഗീകാരമായ സംഗീതകലാനിധി എന്ന ബഹുമതി ആദ്യമായി ഇദ്ദേഹത്തിലൂടെയാണ് കേരളത്തിലെത്തിയത് (1951 ൽ) എന്നത് എടുത്തുപറയേണ്ടതാണ്. കേന്ദ്ര സംഗീത നാടക അക്കാദമി അവാർഡും, രാഷ്ട്രപതിയുടെ പത്മഭൂഷൻ ബഹുമതിയും അദ്ദേഹത്തെ പരമോന്നതനാക്കി.

ഏറെ നന്മകൾ നിറഞ്ഞ മനുഷ്യസ്നേഹിയായിരുന്നു അദ്ദേഹം. എന്നാൽ, താൻ ഉറച്ചുവിശ്വസിക്കുന്ന കാര്യങ്ങളിൽ അചഞ്ചലനായി നില്ക്കുന്ന വിട്ടുവീഴ്ചയില്ലാത്ത സ്വഭാവം അദ്ദേഹത്തിനുണ്ടായിരുന്നു; പ്രത്യേകിച്ചു സംഗീതത്തിന്റെ കാര്യത്തിൽ. അതു വരുത്തുന്ന ദോഷഫലങ്ങളിൽ ഖേദിച്ചിട്ടുമില്ല. ഒരു സംഭവം: ചെമ്പൈയുടെ കഴിവും പ്രശസ്തിയും അറിഞ്ഞ മൈസൂർരാജാവ് ഒരിക്കൽ ആസ്ഥാനവിദ്വാൻപട്ടം നല്കിയശേഷം ദസറാ ആഘോഷങ്ങളിൽ പങ്കെടുക്കാൻ മൈസൂരിലേക്കു ക്ഷണിച്ചു. അതേ അവസരത്തിൽ പതിവുള്ള നവരാത്രിപൂജ തനിക്കുള്ളതിനാൽ പങ്കെടുക്കാൻ സാധിക്കില്ല എന്നറിയിച്ച് ക്ഷണം നിരസിച്ചു. അക്കാലത്ത് എന്നല്ല, ഒരിക്കലും പ്രശസ്തി ആഗ്രഹിക്കുന്ന ഒരു സംഗീതകാരനും അങ്ങനെ ചെയ്യുകയില്ല. ലഭിക്കാമായിരുന്ന ഭാരിച്ച സമ്മാനങ്ങളും ധനവും സ്ഥാനമാനങ്ങളും നഷ്ടപ്പെടുന്നതിൽ ആ സംഗീതോപാസകന് ഒട്ടും കുണ്ഠിതവുമില്ലായിരുന്നു!

ലളിതാദാസരുടെ കൃതികൾ പാടാനും പഠിപ്പിക്കാനുമായിരുന്നു അദ്ദേഹത്തിനു കമ്പം. സ്വാതിതിരുനാൾകൃതികളോട് അത്ര അടുപ്പം കാട്ടിയില്ല. ദീക്ഷിതരുടെയും ത്യാഗരാജന്റെയും കൃതികളോടൊപ്പം ഇരയിമ്മൻതമ്പിയുടെ 'കരുണ ചെയ്യാനെന്തു താമസം' അദ്ദേഹം പാടാത്ത വേദികൾ ചുരുക്കമായിരുന്നു.

ശിഷ്യഗണങ്ങളെ അറിവും വാത്സല്യവും കൊടുത്തു പരിപാലിക്കാൻ ഇദ്ദേഹത്തെപ്പോലെ സമർഥനായൊരു ഗുരു അന്നുണ്ടായിരുന്നില്ല എന്നത് തികച്ചും സത്യമായിരുന്നു.

ജാതിമതചിന്തകൂടാതെ താൻ ജീവിച്ച കാലത്തിനുമപ്പുറം ചിന്തിക്കാൻ വൈത്തിസ്വാമിക്കു കഴിഞ്ഞിരുന്നു. അതുകൊണ്ടാണ് പിൽക്കാലത്ത് പ്രശസ്തരായ പി. ലീല, യേശുദാസ്, ജയവിജയന്മാർ എന്നിവർ അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽ പെട്ടത്. 'യേശുവിനെ' (അങ്ങനെ വിളിച്ചിരുന്നു) പൊന്നാട അണിയിച്ച ആ മഹാന്റെ മഹാമനസ്കതയും സ്നേഹവായ്പും എത്രത്തോളമെന്ന് ഒന്നു ചിന്തിച്ചു നോക്കൂ! ദാസേട്ടനെ ഗുരുവായൂരമ്പലത്തിൽ കയറ്റാത്തതിന്റെ വിഷമം നമുക്കു മാത്രമല്ല, ചെമ്പൈയ്ക്കും ഏറെയുണ്ടായിരുന്നു. അതിന് അദ്ദേഹം ചെയ്ത 'മറുകൃതി' ഏറെ പ്രസിദ്ധമാണ്. സ്ഥലപരിമിതിയുള്ളതിനാൽ വിവരിക്കുന്നില്ല.

ഇടയ്ക്ക് ആ നാദം ഒന്നു നിന്നുപോയത് ഏറെ ഞെട്ടലോടെയാണു സംഗീതലോകം കേട്ടത്! പ്രതീക്ഷയോടെ, പ്രാർഥനയോടെ ഏറെനാൾ നിശ്ശബ്ദനായി കഴിഞ്ഞ ചെമ്പൈസ്വാമി പക്ഷേ, വെറുതെയിരുന്നില്ല. വയലിൻതന്ത്രികളിൽ വിരലോടിച്ചു തന്റെ കദനഭാരം കുറയ്ക്കുകയും വേദികളിൽ മറ്റു ഗായകർക്കു വയലിൻ വായിക്കാൻ ശ്രമിക്കുകയും ചെയ്തുവത്രേ!

ആയകാലത്തു സുമുഖനായിരുന്ന അദ്ദേഹത്തെ പല സിനിമകളിലും പാടി അഭിനയിക്കാൻ ക്ഷണിച്ചിരുന്നു, ധാരാളം കന്നഡ, തമിഴ്, തെലുങ്ക് സംവിധായകർ. എന്നാൽ, എന്തുകൊണ്ടോ സിനിമാമേഖല അദ്ദേഹത്തിനിഷ്ടമില്ലായിരുന്നു. പക്ഷേ, പ്രസിദ്ധ വയലിൻവാദകൻ ചൗഡയ്യയുടെയും മൃദംഗവിദ്വാൻ പാലക്കാട് മണി അയ്യരുടെയും കൂടെക്കൂടെയുള്ള നിർബന്ധത്തിനു വഴങ്ങി 'വാണി' എന്ന കന്നഡചിത്രത്തിൽ ഒരു പാട്ടു പാടി അഭിനയിക്കുകയും അന്നുവരെ ആരും വാങ്ങാത്ത ഏറ്റവും കൂടിയ പ്രതിഫലമായ 5000 രൂപ വാങ്ങി അമ്പലത്തിൽ വഴിപാടു കഴിക്കുകയും ചെയ്തതായി ഒരു ചരിത്രമുണ്ട്.



ഞാൻ സംഗീതവിദ്യാർഥിയായിരിക്കേ, ഗുരുനാഥൻ കോട്ടയം ആനന്ദൻ ഭാഗവതർ പറഞ്ഞുകേട്ട ഒരു കഥയിതാ: ഒരിക്കൽ ശിഷ്യന്മാരുമൊത്ത് ഒരു തീവണ്ടിയാത്രയ്ക്കിടയിൽ ഏതോ സ്റ്റേഷനിൽ വണ്ടി മണിക്കൂറുകളോളം കിടക്കേണ്ടതായിവന്നു. ചെമ്പൈ പ്ളാറ്റ്ഫോമിലേക്കിറങ്ങി ശിഷ്യരെ മുന്നിലിരുത്തി സംഗീതം പഠിപ്പിച്ചുതുടങ്ങി. അക്കൂട്ടത്തിൽ, ജയവിജയന്മാരും ഉണ്ടായിരുന്നതായാണറിവ്. മണിക്കൂറുകളുടെ ബോറിങ് എല്ലാവർക്കും ഒഴിവായത്രേ.

ഭാഗവതരെക്കുറിച്ച് എന്റെ പിതാവു പറഞ്ഞ ഒരു കാര്യം: സാധകത്തിനുമുമ്പ്, ഒരു കിണ്ടി മോര് എടുത്ത് ഒരു ശിഷ്യന്റെ കൈയിൽ കൊടുത്ത്, ചാരുകസേരയിൽ മലർന്നുകിടന്ന്, കിണ്ടിവാലിലൂടെ മോര് ഇറ്റിച്ച് തൊണ്ടയിലേക്ക് ഒഴിപ്പിക്കും. മറ്റൊരു ശിഷ്യനെക്കൊണ്ട് രാമച്ചവിശറിയാൽ തൊണ്ടയിൽ വീശിക്കും! ശബ്ദത്തിന്റെ മഹിമകൊണ്ട് ആരെങ്കിലും പറഞ്ഞുപരത്തി അച്ഛൻ അറിഞ്ഞതായിരുന്നോ ആവോ!

ചെമ്പൈയെക്കുറിച്ച് ആരും അധികം കേൾക്കാത്ത ഒരു കഥകൂടിയുണ്ട്: വടക്കൻകേരളത്തിലെ ഉന്നതനായ ഒരു ഗൃഹനാഥൻ തന്റെ മകളുടെ വിവാഹത്തിനു സ്വാമിയെ ക്ഷണിച്ചു. അവിടെ ചെമ്പൈയുടെ കച്ചേരിക്കിടെ 'അമൃതവർഷിണി' രാഗത്തിലുള്ള മുത്തുസ്വാമി ദീക്ഷിതരുടെ 'ആനന്ദാമൃതവർഷിണി' എന്ന കൃതി ആലപിക്കാൻ നിർബന്ധിച്ചു. ഈ പ്രസന്നമായ കാലാവസ്ഥയിൽ ആ ഗാനം പാടുന്നതു ശരിയല്ല എന്നു ചെമ്പൈ പറഞ്ഞിട്ടും സമ്മതിച്ചില്ല. പിന്നെ ഒന്നും തർക്കിച്ചില്ല. പാടി. ചരണത്തിനുമുമ്പ് ആ വിവാഹച്ചടങ്ങ് അലങ്കോലപ്പെടുത്തിക്കൊണ്ട് ശക്തമായ മഴയും കാറ്റുമുണ്ടായി. അമൃതവർഷിണി ഇപ്പോൾ വേണ്ടാ എന്നു പറഞ്ഞത് എല്ലാവർക്കും മനസ്സിലായി.

സദസ്യരുമായി രസകരമായി സംവദിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ കച്ചേരികൾ സാമാന്യജനങ്ങൾക്കും അങ്ങേയറ്റം ഹരമായിരുന്നു. ഒരിക്കൽ ആ നാദധാര കേട്ടിട്ടുള്ള ഏതൊരാൾക്കും ഓർമയിൽ സൂക്ഷിക്കുന്ന വിലപ്പെട്ട ധനമായി മാറും അത്! ഭാഗ്യമെന്നു പറയട്ടെ, തീർത്തും ചെറുപ്പത്തിൽ ഈയുള്ളവനും, നേരിട്ട് ആ നാദപീയൂഷം ഒരുതവണ മാത്രം ആസ്വദിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. പൊൻകുന്നം അടുത്ത് പനമറ്റംക്ഷേത്രത്തിലെ ഉത്സവദിവസമായിരുന്നു കച്ചേരി! നിഷ്കളങ്കമായ ആ ചിരിയും രസകരമായ കമന്റുകളും ഇന്നും എന്റെ സ്മൃതിയിൽ ഒളിമങ്ങാതെ കിടക്കുന്നു!...

ഹേ! സംഗീതമഹാമൂർത്തേ! അവിടുത്തെ പാവനസ്മരണയ്ക്കുമുന്നിൽ സംഗീതപ്രേമികളായ ഞങ്ങൾ ശിരസ്സു നമിക്കട്ടെ.

■

# ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ




കർത്താവിൽ ഭയപ്പെടുന്നവന് അനർഥം സംഭവിക്കുകയില്ല; ആപത്തിൽനിന്ന് അവിടുന്ന് അവനെ രക്ഷിക്കും. പ്രഭാഷകൻ 33:1

**എഡിറ്റോറിയൽ**

# ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കപ്പെടണം

ഇന്ത്യയുടെ മതേതരത്വവും വ്യക്തികളുടെ മൗലികാവകാശങ്ങളും ആവർത്തിച്ചുറപ്പിക്കുന്ന രണ്ടു സുപ്രധാന നിരീക്ഷണങ്ങളാണ് ഇക്കഴിഞ്ഞ തിങ്കളാഴ്ച (ഒക്ടോബർ 21) രാജ്യത്തെ പരമോന്നതനീതിപീഠമായ സുപ്രീംകോടതിയിൽനിന്നുണ്ടായത്. മതേതരത്വവും സോഷ്യലിസവും ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനഭാഗമാണെന്നു നിരീക്ഷിച്ചതാണ് അതിലൊന്ന്. രാഷ്ട്രീയപ്രതികാരത്തിന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെ (ഇ.ഡി.) ഭരണകൂടം ദുരുപയോഗിക്കുന്നത് മനുഷ്യാവകാശലംഘനമാണെന്നുള്ള താക്കീതാണു മറ്റൊന്ന്. ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം ഉറപ്പുനൽകുന്ന 21-ാം വകുപ്പ് ഇന്ത്യൻ ഭരണഘടനയിലുണ്ടെന്ന പരമാർഥം സുപ്രീംകോടതി അടിവരയിട്ടു ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.

ഭരണഘടനയുടെ ആമുഖത്തിൽ ഇന്ത്യയെ വിവരിക്കാൻ സോഷ്യലിസ്റ്റ്, സെക്യുലർ (മതേതരത്വം) എന്നീ വാക്കുകൾ 1976 ൽ ഇന്ദിരാഗാന്ധി സർക്കാർ 42-ാം ഭേദഗതിയായി കൂട്ടിച്ചേർത്തു. പ്രസ്തുത ഭേദഗതിയെ ചോദ്യംചെയ്ത് ബിജെപി നേതാവ് സുബ്രഹ്മണ്യം സ്വാമിയുൾപ്പെടെ സമർപ്പിച്ച ഒരുകൂട്ടം പൊതുതാത്പര്യഹർജികൾ പരിഗണിക്കവേയാണ് ജസ്റ്റീസുമാരായ സഞ്ജീവ് ഖന്ന, സഞ്ജയ്കുമാർ എന്നിവരടങ്ങിയ ബെഞ്ച് നിലപാട് ആവർത്തിച്ചുപ്രഖ്യാപിച്ചത്.


ഭരണഘടനയിലെ തുല്യത, സാഹോദര്യം എന്നിവയിലും മൗലികാവകാശങ്ങളിലും സൂക്ഷ്മമായി കണ്ണോടിച്ചാൽ, മതനിരപേക്ഷതയാണ് ഭരണഘടനയുടെ യഥാർഥസ്വഭാവമെന്നു വ്യക്തമാകും. വാദത്തിനിടെ ഇന്ത്യ മതേതരമാകാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലേയെന്നും കോടതി ഹർജിക്കാരോടു ചോദിക്കുകയുണ്ടായി. നാമിന്നു കാണുന്ന ഇന്ത്യയും അതിന്റെ വൈവിധ്യസമൃദ്ധിയും മതനിരപേക്ഷതയിലൂന്നിയാണു നിലകൊള്ളുന്നത്. ഈ അടിത്തറയെ ദുർബലമാക്കുന്ന ഏതു നീക്കവും ഇന്ത്യ എന്ന മഹത്തായ ആദർശത്തെ അസ്ഥിരമാക്കുന്നതായിരിക്കും. ഈ മാസമാദ്യം ബുൾഡോസർ നടപടിക്കേസു പരിഗണിച്ച ജസ്റ്റീസുമാരായ ബി.ആർ. ഗവായിയും കെ.വി. വിശ്വനാഥനും ഇന്ത്യയുടെ മതേതരത്വപദവി ആവർത്തിച്ചിരുന്നു.

രാജ്യത്തിന്റെ സമ്പത്ത് തുല്യമായി വിതരണം ചെയ്യൽ, അവസരസമത്വം എന്നിവയാണ് സോഷ്യലിസംകൊണ്ട് അർഥമാക്കുന്നതെന്ന് ജസ്റ്റീസ് ഖന്ന ചൂണ്ടിക്കാട്ടി. സോഷ്യലിസത്തെ സംബന്ധിച്ചു പാശ്ചാത്യചിന്ത കൊണ്ടുവരേണ്ടതില്ലെന്നും തുല്യാവസരവും രാജ്യത്തിന്റെ ക്ഷേമവും എല്ലാവരിലേക്കും തുല്യമായി എത്തിക്കുന്നതാണു സോഷ്യലിസംകൊണ്ടു ലക്ഷ്യം വയ്ക്കുന്നതെന്നും കോടതി വ്യക്തമാക്കി.

ഛത്തീസ്ഗഡിലെ അഴിമതിക്കേസിൽ ആന്റി കറപ്ഷൻ ബ്യൂറോ രാത്രിമുഴുവൻ ചോദ്യം ചെയ്ത റിട്ട. ഐ.എ.എസ്. ഉദ്യോഗസ്ഥൻ അനിൽ തുതേജയെ കസ്റ്റഡിയിലിരിക്കെത്തന്നെ ഇ.ഡി. നിർബന്ധപൂർവം വിളിച്ചുവരുത്തിയ നടപടി മൗലികാവകാശങ്ങളുടെമേലുള്ള കടന്നുകയറ്റമാണെന്നു കോടതി നിരീക്ഷിച്ചതും ഇതേ ദിവസം തന്നെയാണ്. വ്യക്തികളുടെ മൗലികാവകാശത്തെ ലംഘിക്കുംവിധം ഇ.ഡി.യുടെ ഉരുക്കുമുഷ്ടിപ്രയോഗം യാതൊരു കാരണവശാലും അനുവദിക്കാനാവില്ലെന്നും കോടതി താക്കീതു നൽകി. തുതേജ സ്വയം ഹാജരായതാണെന്ന് ഇ.ഡി. വാദിക്കാൻ ശ്രമിച്ചെങ്കിലും പൗരാവകാശധ്വംസനം കോടതിക്കു ബോധ്യപ്പെട്ടു തന്നെയാണ് മറുപടി നല്കിയത്.

നിയമവിരുദ്ധപ്രവൃത്തികൾ തടയാനുള്ള നിയമം (യുഎപിഎ), കള്ളപ്പണം വെളുപ്പിക്കൽതടയൽ നിയമം (പിഎംഎൽഎ) എന്നിവ വ്യവസ്ഥാപിതമായ മാർഗങ്ങളിലൂടെ അന്വേഷിക്കുന്നതിനുപകരം, ഭരണകൂടത്തിന്റെ ഇച്ഛാനുസൃതം കൈകാര്യം ചെയ്യാൻ മുതിരുമ്പോഴാണ് ഇ.ഡിയുടെയും അവരെ ന്യായീകരിക്കുന്ന സർക്കാരിന്റെയും ഉദ്ദേശ്യശുദ്ധിയും വിശ്വാസ്യതയും ചോദ്യം ചെയ്യപ്പെടുന്നത്. നിയമപരവും നീതിപൂർവകവുമായ അന്വേഷണമില്ലാതെ, ഭരണയന്ത്രം തിരിക്കുന്നവരുടെ ആജ്ഞാനുവർത്തികളായി മാത്രം മെയ്‌വഴക്കം നടത്താൻ ഇ.ഡി. ഉദ്യോഗസ്ഥർ സാഹസം കാണിക്കുമ്പോൾ, ധ്വംസിക്കപ്പെടുന്നത് വ്യക്തിസ്വാതന്ത്ര്യവും മനുഷ്യമാഹാത്മ്യവുമാണ്. പരമാധികാരത്തിന്റെ പടവാളേന്തിയുള്ള പടപ്പുറപ്പാടുകൾ രാജ്യത്തു പതിവായിരിക്കുന്ന പശ്ചാത്തലത്തിലാണ് പൗരാവകാശങ്ങൾ പരിപാലിക്കണമെന്ന പരമോന്നതകോടതിയുടെ പരാമർശം പ്രസക്തമാകുന്നത്. മൗലികാവകാശത്തെക്കുറിച്ചുള്ള സുപ്രീംകോടതിയുടെ ഗൗരവമായ ഇടപെടലുകൾ ഇ.ഡി.ക്കുമാത്രമല്ല, രാജ്യത്തെ അന്വേഷണ ഏജൻസികൾക്കു മുഴുവനുമുള്ള ശക്തമായ തിരുത്തലും താക്കീതുമാകട്ടെ.

# തിരുഹൃദയഭക്തി പ്രമേയമാക്കി ഫ്രാൻസിസ് പാപ്പായുടെ പുതിയ ചാക്രികലേഖനം



വത്തിക്കാൻ: മാർപാപ്പായുടെ പുതിയ ചാക്രികലേഖനം 'ദിലെക്സിത്ത് നോസ് (അവൻ നമ്മെ സ്നേഹിച്ചു) ഒക്ടോബർ 24 ന് പ്രസിദ്ധീകരിക്കുന്നു. തിരുഹൃദയഭക്തിയെ അടിസ്ഥാനമാക്കിയ ചിന്തകളാണ് ചാക്രികലേഖനത്തിന്റെ കാതൽ.

ഹൃദയം നഷ്ടപ്പെട്ട ഒരു ലോകത്തിന് അർഥവത്തായ സന്ദേശം നൽകാൻ യേശുവിന്റെ തിരുഹൃദയത്തോടുള്ള ഭക്തി ഏറെ പ്രാധാന്യമർഹിക്കുന്നുവെന്ന് ഈ ചാക്രികലേഖനത്തെക്കുറിച്ചു സൂചിപ്പിച്ചുകൊണ്ട് ജൂൺ അഞ്ചിനു നടന്ന പൊതുകൂടിക്കാഴ്ചാവേളയിൽ മാർപാപ്പാ പറഞ്ഞിരുന്നു.

1673 ൽ വിശുദ്ധ മാർഗരറ്റ് മേരി അലക്കോക്കിന് യേശുവിന്റെ തിരുഹൃദയം ആദ്യമായി പ്രത്യക്ഷമായതിന്റെ 350-ാം വാർഷികാഘോഷങ്ങൾ നടക്കുന്നതിനിടെയാണ് ചാക്രികലേഖനം പ്രസിദ്ധീകരിക്കുന്നത്.

1856 ൽ പീയൂസ് ഒമ്പതാമൻ മാർപാപ്പാ യേശുവിന്റെ തിരുഹൃദയത്തിരുനാൾ മുഴുവൻസഭയിലേക്കും വ്യാപിപ്പിക്കണമെന്നു തീരുമാനിക്കുന്നതുവരെ, സഭയ്ക്കുള്ളിൽത്തന്നെ ഈ ഭക്തിയെ ചുറ്റിപ്പറ്റിയുള്ള ചൂടേറിയ ചർച്ചകൾ ഉയർന്നുവന്നിരുന്നു. പിന്നീട് 1956 ൽ പന്ത്രണ്ടാം പീയൂസ് മാർപാപ്പയും തിരുഹൃദയഭക്തിയെ എടുത്തുപറഞ്ഞുകൊണ്ട് 'ഹൗരിയെതിസ് അക്വാസ്' അഥവാ 'നീ ജലം വലിച്ചെടുക്കും' എന്ന പേരിൽ ഒരു ചാക്രികലേഖനം രചിച്ചിരുന്നു.

തിരുഹൃദയഭക്തി ജീവിതത്തിലുടനീളം കാത്തുസൂക്ഷിച്ച വ്യക്തിയെന്ന നിലയിൽ ഫ്രാൻസിസ് മാർപാപ്പായുടെ ഈ ചാക്രികലേഖനം ഏറെ പ്രാധാന്യമർഹിക്കുന്നു.



*നിലയ്ക്കൽ എക്യുമെനിക്കൽ പള്ളി & എക്യുമെനിക്കൽ ട്രസ്റ്റ് മാർത്തോമ്മാ നസ്രാണിസമുദായപ്രതിനിധി സമ്മേളനം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു.*

# ചരിത്രം വിസ്മരിച്ച് സഭയ്ക്കു മുന്നോട്ടു പോകാനാകില്ല

## മാർ ജോസഫ് കല്ലറങ്ങാട്ട്

നിലയ്ക്കൽ (പത്തനംതിട്ട): ചരിത്രത്തെ വിസ്മരിച്ചുകൊണ്ടു സഭയ്ക്കു മുന്നോട്ടുപോകാനാകില്ലെന്ന് പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. നിലയ്ക്കൽ സെന്റ് തോമസ് എക്യുമെനിക്കൽ ദൈവാലയത്തിൽ മാർത്തോമ്മാനസ്രാണിസമുദായ പ്രതിനിധിസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ചരിത്രത്തിൽനിന്നുമാത്രമേ സഭയുടെ മുന്നോട്ടുള്ള പ്രയാണം സാധ്യമാകൂവെന്ന് ബിഷപ് ചൂണ്ടിക്കാട്ടി. ചരിത്രത്തെ നശിപ്പിക്കുന്നതാണ് ഏറ്റവും വലിയ കുറ്റകൃത്യം. മാർത്തോമ്മാശ്ലീഹായുടെ സാക്ഷ്യമാണ് ഭാരതസഭയുടെ കരുത്ത്. മാർത്തോമ്മൻ പാരമ്പര്യത്തിനവകാശപ്പെട്ട സഭകളുടെ വളർച്ച, അദ്ദേഹം കടന്നുവന്ന വഴികളിലൂടെത്തന്നെ ദൃശ്യമാകും. സഭയുടെ സുവിശേഷവളർച്ചയുടെ വഴികൾകൂടിയാണിത്. സുവിശേഷദൗത്യം സഭ തുടരണമെന്ന് ഇതു നമ്മെ ഉദ്ബോധിപ്പിക്കുന്നുവെന്നും മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു.

ക്നാനായ സമുദായമെത്രാപ്പോലീത്താ കുര്യാക്കോസ് മാർ സേവേറിയോസ് അധ്യക്ഷത വഹിച്ചു. ഓർത്തഡോക്സ് സഭ നിലയ്ക്കൽ ഭദ്രാസനാധിപൻ ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്ത ആമുഖപ്രഭാഷണം നടത്തി. സിഎസ്ഐ ബിഷപ് ഡോ. മലയിൽ സാബു കോശി ചെറിയാൻ, ഏബ്രഹാം മാത്യു പനച്ചമൂട്ടിൽ, ഫാ. ജോർജ് തേക്കടിയിൽ, ഫാ. ഷൈജു മാത്യു ഒഐസി, ബിനു വാഴമുട്ടം എന്നിവർ പ്രസംഗിച്ചു.

തുടർന്നു നടന്ന സെമിനാർ മാർത്തോമ്മാസഭയുടെ സഫ്രഗൻ മെത്രാപ്പോലീത്താ ജോസഫ് മാർ ബർണബാസ് ഉദ്ഘാടനം ചെയ്തു. കാഞ്ഞിരപ്പള്ളി ബിഷപ് മാർ ജോസ് പുളിക്കൽ മോഡറേറ്ററായിരുന്നു. കോട്ടയം പൗരസ്ത്യവിദ്യാപീഠം കാനൻ ലോ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ. ഡോ. ജോസ് കടുപ്പിൽ വിഷയാവതരണം നടത്തി. അഡ്വ. ബിജു ഉമ്മൻ, ഫാ. ഗീവർഗീസ് സഖറിയ, അഡ്വ. ഏബ്രഹാം എം. പട്യാനി, റെജി ചാണ്ടി, തോമസുകുട്ടി തേവരുമുറിയിൽ, അഡ്വ. ഷെവ. വി.സി. സെബാസ്റ്റ്യൻ എന്നിവർ ചർച്ചകൾക്കു നേതൃത്വം നൽകി.

ബാലനോവൽ 3

അന്തിനാട് ജോസ്



# കൊട്ടാരക്കെട്ടിലെ ഉറങ്ങാത്ത രാവുകൾ

മേഘനാദന്റെ 'ഹമ്മോ' എന്ന അലർച്ച കൊട്ടാരക്കെട്ടുകളെ പ്രകമ്പനം കൊള്ളിച്ചു. അതിഭീതിദമായ സ്വരത്തിന്റെ അലയൊലികൾ രാവിന്റെ യാമങ്ങളിൽ വലിയ അപശ്രുതിയായി പടർന്നു. മേഘനാദന്റെ പതനം കണ്ടുനിന്നവരെയെല്ലാം പരിഭ്രാന്തരാക്കി. എല്ലാവരും അത്യുച്ചത്തിൽ 'ന്റെമ്മോ'യെന്നു നിലവിളിച്ചു.

കാര്യസ്ഥൻ താഴേക്കു പതിച്ച ആ നിമിഷംതന്നെ ചുറ്റും നിന്ന രാജകുമാരന്മാരും ഭടന്മാരും ചേർന്ന് ഇരുകൈകൊണ്ടും മേഘനാദനെ താങ്ങിപ്പിടിച്ചു. അല്ലായിരുന്നെങ്കിൽ തറയിൽ തലയിടിച്ച് കാര്യസ്ഥൻ പരിക്കേൽക്കുകയോ മരണം പ്രാപിക്കുകയോ ചെയ്യുമായിരുന്നു.

എല്ലാവരും ചേർന്ന് മേഘനാദനെ താങ്ങിയെടുത്ത് ഒരു മേശപ്പുറത്തു കിടത്തി. അലറുന്ന സ്വരത്തിൽ രാജകുമാരൻ പറഞ്ഞു:

"വേഗം ചെന്ന് കൊട്ടാരം വൈദ്യനെ വിളിച്ചുകൊണ്ടുവരൂ. അല്ലെങ്കിൽ മേഘനാദൻ മരിച്ചുപോകും."

"മേഘനാദാ. മേഘനാദാ..." കാർഫിയൂസ് പരിഭ്രാന്തനായി വിളിച്ചു.

പക്ഷേ, അയാൾ തളർന്നു കിടക്കുകയാണ്. കണ്ണുകൾ തുറന്നിരുന്നു. എങ്കിലും ഒന്നും കാണുന്നുണ്ടായിരുന്നില്ല. മനസ്സിന്റെ താളം തെറ്റിയ പ്രതീതി. അബോധാവസ്ഥയിലായ പ്രതീതി. ശരീരമാകെ വിയർത്തൊലിക്കുകയാണ്.

എത്ര ശ്രമിച്ചിട്ടും മേഘനാദന്റെ തൊണ്ടയിൽനിന്ന് ഒരു വാക്കുപോലും പുറത്തുവരുന്നില്ല. ചെറിയൊരു ഞരക്കം മാത്രം. ഭടന്മാർ കൊട്ടാരവൈദ്യനെത്തേടി പാഞ്ഞു. അടുത്ത നിമിഷംതന്നെ ഒരു കുതിരവണ്ടിയിൽ കൊട്ടാരവൈദ്യൻ പാഞ്ഞെത്തി. വൈദ്യൻ വേഗം മേഘനാഥനെ തിരിച്ചും മറിച്ചും പരിശോധിച്ചുകൊണ്ടു പറഞ്ഞു: "ഇതു സാരമില്ല, അദ്ദേഹം ഒരിക്കലും മരിക്കില്ല. പക്ഷേ, എന്തോ കണ്ട് വല്ലാതെ ഭയന്നിരിക്കുന്നു. ആ കാഴ്ച അത്യന്തം ഭീകരമാണ്. അതാണ് ബോധമറ്റു വീഴാൻ കാരണം."

"മേഘനാദനെ അകത്തേക്കു കിടത്തൂ." വൈദ്യൻ വീണ്ടും കല്പിച്ചു. അവർ അദ്ദേഹത്തെ താങ്ങിയെടുത്ത് ചിത്രപ്പണികളുള്ള അതിമനോഹരമായ ഒരു കട്ടിലിൽ കിടത്തി.

"രണ്ടുപേർ ഇവിടെ നിന്നാൽ മതി. ബാക്കിയുള്ളവർക്കു പുറത്തുപോകാം.'' വൈദ്യൻ കല്പിച്ചു.

ചുറ്റുംനിന്നവർ പുറത്തേക്കിറങ്ങി. എന്തു ചെയ്യണമെന്നറിയാതെ അവർ അത്യന്തം അസ്വസ്ഥരായി.

"ഇനി നമ്മളെന്തു ചെയ്യും? മഹാരാജാവു തിരുമനസ്സിന് എന്തു സംഭവിച്ചെന്ന് നാം എങ്ങനെ അറിയും? തിരുമനസ്സിനെ ഇനി നാമെങ്ങനെ രക്ഷിക്കും? ദൈവമേ, അദ്ദേഹത്തിന് ഒരാപത്തും വരുത്തല്ലേ.'' സമീപംനിന്ന മറ്റൊരു കാര്യസ്ഥൻ വേവലാതിയോടെ വിലപിച്ചു.

"താങ്കൾ പറഞ്ഞതു ശരിയാണെന്ന് ഇപ്പോൾ ഞങ്ങൾക്കും തോന്നുന്നു. മേഘനാദൻ ശരിക്കും എന്തോ ഭീകരരംഗം കണ്ടു ഭയന്നിരിക്കുന്നു. തന്നിമിത്തമാണ് അയാൾ ബോധം കെട്ടു വീണത്." കാർഫിയൂസ് ഹൃദയം പൊട്ടുന്ന നൊമ്പരത്തോടെ പറഞ്ഞു.

"അച്ഛാ, എന്റെ അച്ഛാ, അച്ഛൻ ഞങ്ങളെ പിരിഞ്ഞുപോയോ? ദേവദത്തന്റെ ഇരുകണ്ണുകളും നിറഞ്ഞൊഴുകി. ആ രംഗം കണ്ട് കാർഫിയൂസ് നിയന്ത്രണം വിട്ടു പൊട്ടിക്കരഞ്ഞു.

"കുമാരന്മാരേ, നിങ്ങൾ സമാധാനമായിരിക്ക്. മഹാരാജാവു തിരുമനസ്സിന് ഒന്നും സംഭവിച്ചിട്ടില്ല.'' രാജഭടൻ കുമാരന്മാരെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

"എത്രയും വേഗം വാതിൽ വെട്ടിപ്പൊളിക്ക്." ഒരു രാജഭടൻ വേഗം ഓടിച്ചെന്ന് വലിയൊരു കോടാലി കൊണ്ടുവന്നു.

പെട്ടെന്ന് രാജപുത്രൻ ദേവദത്തൻ ഭടനെ തടഞ്ഞു പറഞ്ഞു: "നിൽക്കൂ... വാതിൽ പൊളിക്കരുത്. മുറിക്കുള്ളിൽ എന്താണെന്നറിയാതെ തുറക്കരുത്. വല്ല ഭീകരജീവികളും ഉള്ളിലുണ്ടെങ്കിൽ വാതിൽ തുറക്കുമ്പോൾ പുറത്തുചാടി നമ്മളെ ഒന്നടങ്കം ആക്രമിച്ചാലെന്തു ചെയ്യും?"


"കൊട്ടാരത്തിലെ ഏറ്റവും പ്രധാനഭാഗത്തുള്ള തിരുമേനിയുടെ മുറിയിൽ എങ്ങനെ ഒരു ഭീകരജീവിക്കു കടക്കാൻ കഴിയും?" കാർഫിയൂസ് സംശയം പ്രകടിപ്പിച്ചു.

"അങ്ങനെയൊന്നും ചോദിച്ചാൽ എനിക്കറിയില്ല. പക്ഷേ, ആ പള്ളിയറയ്ക്കുള്ളിൽ എന്തോ ഭീകരതയുണ്ട്. ചിലപ്പോൾ വല്ല പ്രേതങ്ങളോ പിശാചുക്കളോ കടന്നുകയറിയിട്ടുണ്ടാവും. അല്ലെങ്കിൽ പിതാവ് ഒരിക്കലും ഇത്രയേറെ ഉച്ചത്തിൽ ഭയന്നുനിലവിളിക്കില്ല. എന്തായാലും വാതിൽ തുറക്കുന്നതു ബുദ്ധിയല്ല." ദേവദത്തകുമാരൻ വീണ്ടും പറഞ്ഞു.

അതുകേട്ട് എന്തു ചെയ്യണമെന്നറിയാതെ അവർ പരസ്പരം നോക്കി നിസ്സഹായതയോടെ നിന്നു.

കാർഫിയൂസ് തുടർന്നു: "വാതിൽ തുറക്കാതെ എങ്ങനെ നമ്മുടെ പിതാവിനെ രക്ഷിക്കും?"

"എന്നു കരുതി വാതിൽ തുറക്കരുത്, എന്തോ ഭീകരമായ കാഴ്ച കണ്ടാണ് മേഘനാദന്റെ ശരീരം തളർന്നതും മോഹാലസ്യപ്പെട്ടു വീണതുമൊക്കെ."



"ദൈവമേ, എന്തൊരു പരീക്ഷണമാണിത്? എല്ലാവരും മാറിക്കോ. ഞാൻ ഒറ്റയ്ക്ക് വാതിൽവെട്ടിപ്പൊളിക്കാൻ തീരുമാനിച്ചിരിക്കുന്നു."

കോടാലിയുമായി നിന്ന ഭടൻ അലറിപ്പറഞ്ഞു: "മഹാരാജാവു തിരുമനസ്സിനുവേണ്ടി അടിയൻ മരിക്കാനും സന്നദ്ധനാണ്."

''അയ്യോ വേണ്ട. സ്വന്തം പിതാവിനുവേണ്ടി ഞങ്ങൾ മരിച്ചുകൊള്ളാം." കാർഫിയൂസും ദേവദത്തനും ഒരേ സ്വരത്തിൽ പറഞ്ഞു. ''ഞാൻ ഒരു വഴി കണ്ടെത്തി. നിങ്ങളിൽ ആർക്കെങ്കിലും മേഘനാദൻ നോക്കിയ ആ ദ്വാരത്തിലൂടെ നോക്കാൻ ധൈര്യമുണ്ടോ? അവിടെ കാണുന്ന കാഴ്ച നേരിടാൻ കരുത്തുള്ള ആരെങ്കിലും മുന്നോട്ടു വരൂ..." ദേവദത്തൻ പറഞ്ഞു. അതുകേട്ടതേ എല്ലാവരും ഭയന്നു. കോടാലിയുമായി വീമ്പിളക്കിയ ഭടന്മാരും ഭയന്നുവിറച്ചു.

''രാജകുമാരാ... ഞങ്ങൾക്കെല്ലാം ഭയമാണ്."

ദേവദത്തൻ അലറുന്ന സ്വരത്തിൽ പറഞ്ഞു: "എങ്കിൽ നമ്മുടെ സർവസൈന്യാധിപനെ വിളിക്കൂ. പടയാളികളിലെ ഏറ്റവും ധൈര്യശൈലിയാണയാൾ. ശത്രുക്കളെ അരിഞ്ഞുവീഴ്ത്താൻ ചങ്കുറപ്പുള്ള പോരാളിയാണ് അഡോക്കിയാസ്..."

രാജഭടൻ ഓടിപ്പോയി. നിമിഷങ്ങൾക്കകം അഡോക്കിയാസ് പാഞ്ഞെത്തി. അരപ്പട്ടയിൽ രണ്ടുവാളുകൾ തിരുകിയിരിക്കുന്നു.

അയാൾ ഒറ്റച്ചാട്ടത്തിനു കുതിരപ്പുറത്തു കയറി മുകളിലെ ദ്വാരത്തിലൂടെ അകത്തേക്കു നോക്കി.

"ന്റെമ്മോ!" അയാൾ അലറി. അതുകേട്ട് താഴെനിന്നവരുടെ പാതി ജീവൻ ഭയംകൊണ്ടു പറന്നുപോയി.

"മഹാരാജാവിനെ ഭീമാകാരനായ ഒരു സർപ്പം ചുറ്റി വരിഞ്ഞ് ദംശിച്ചു നാടുനീക്കിയിരിക്കുന്നു!" സേനാധിപൻ അലറിക്കരഞ്ഞുകൊണ്ടു പറഞ്ഞു.

തൽക്ഷണം എല്ലാവരുടെയും കൂട്ടനിലവിളി ഉയർന്നു. എങ്ങും ഹൃദയംപൊട്ടുന്ന വിലാപങ്ങൾമാത്രം... (തുടരും)

---

# കടം

കുടുംബവിളക്ക് 44



ഫാ. തോമസ് പാട്ടത്തിൽചിറ CMF

കടങ്ങളെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ ആഴപ്പെടാൻ നമ്മുടെ കുടുംബങ്ങൾക്കു കഴിയണം. കടങ്ങൾ ഉണ്ടാവുക സാധാരണമാണ്. എല്ലാ വിധത്തിലും എല്ലാം തികഞ്ഞവരായിട്ടുള്ളവർ വിരളമാണ്. അക്കാരണത്താൽ പല ബാധ്യതകളും മനുഷ്യർക്കുണ്ടാകും. നമ്മുടെ കണക്കുകൂട്ടലുകൾക്കനുസരിച്ചുള്ള സാഹചര്യങ്ങൾ എപ്പോഴും ഉണ്ടാകണമെന്നില്ല. ചില അത്യാഹിതങ്ങൾ, നഷ്ടങ്ങൾ, കഷ്ടാരിഷ്ടകൾ, ആകസ്മികമായ രോഗങ്ങൾ, അകാലമരണങ്ങൾ തുടങ്ങിയവ ഒരു കുടുംബത്തിന്റെ സാമ്പത്തികമായ ഞെരുക്കത്തിനു കാരണമാകും. അങ്ങനെ വരുമ്പോഴാണ് പണത്തിനായി മറ്റുള്ളവരെ ആശ്രയിക്കേണ്ടതായി വരിക. ഏതാവശ്യത്തിനായി കടം വാങ്ങുന്നുവോ; പ്രത്യുത ആവശ്യം പൂർണമായും നിവേറ്റാൻ കുടുംബാംഗങ്ങൾ പരിശ്രമിക്കണം. കുടുംബത്തിലെ ഒരംഗത്തിന്റെ ആവശ്യത്തിനുവേണ്ടി വാങ്ങുന്ന കടം എല്ലാവരുടേതുമായി കരുതുകയും അത് കഴിവതും വേഗം കൊടുത്തുതീർക്കാൻ എല്ലാവരും ഒത്തൊരുമിച്ചുപരിശ്രമിക്കുകയും വേണം. ഒരു കടം മറ്റൊരു കടത്തിനു കാരണമാകരുത്.

കൊടുക്കുന്ന കടവും വാങ്ങുന്ന കടവുമുണ്ട്. കൊടുക്കുന്ന കടത്തിന്റെ പേരിൽ കടക്കാരെ യാതൊരു രീതിയിലും ചൂഷണം ചെയ്യാൻ മുതിരരുത്. ചെയ്ത സഹായത്തെ പിന്നീട് മറ്റേതിന്റെയെങ്കിലും പേരിൽ തിരിച്ചുകിട്ടേണ്ട കടമായി കണക്കെഴുതുന്നതും അധാർമികമാണ്. കടം തരുന്നവരുടെ ഔദാര്യമനോഭാവത്തെ വാങ്ങുന്നവർ വിലമതിക്കണം. വായ്പകൾ വീട്ടാനുള്ളവയാണ്. അവ തന്നവർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ കൊടുത്തുതീർക്കണം. കഷ്ടതയുടെ കാലത്ത് കടം തന്നവരെ കബളിപ്പിച്ചുനടക്കുന്നത് നന്ദിഹീനതയാണ്. കടപ്പാടുകളെ കണ്ടില്ലെന്നു നടിക്കരുത്. കിട്ടാക്കടങ്ങളുടെ കണക്കും പറഞ്ഞ് ആരും നമ്മുടെ വീട്ടുപടിക്കൽ വരാൻ ഇടയാകാതിരിക്കാൻ ശ്രദ്ധിക്കണം. കൊടുത്തുവീട്ടാനുള്ള ബാധ്യതകളുടെ ഒരു കടച്ചീട്ടു സൂക്ഷിക്കുന്നത് ഉത്തമമാണ്. വായ്പകൾ വിസ്മരിക്കപ്പെടാതിരിക്കാൻ അത് ഉപകരിക്കും. അതേസമയം, കടബാധ്യതകളെപ്പറ്റിയുള്ള ആശങ്ക കുടുംബത്തെ നിർജീവമാക്കാൻ അനുവദിക്കുകയുമരുത്. അനാവശ്യകടങ്ങൾ വരുത്തിവയ്ക്കാതിരിക്കാൻ കുടുംബങ്ങൾ സാമ്പത്തികമായ പ്രവർത്തനങ്ങളെ വിവേകപൂർവം നിയന്ത്രിക്കാൻ പഠിക്കണം. കടംവാങ്ങി കടിഞ്ഞാണില്ലാത്ത ജീവിതം നയിക്കരുത്. കടം എന്ന അപകടം കുടുംബങ്ങളിൽ ഭവിക്കാതിരിക്കുന്നതാണു ഭേദം. കുടുംബത്തെ വരിഞ്ഞുകെട്ടുന്ന ഒരു വടമാണ് കടം. അതിന്റെ കുടുക്കിൽ കഴിവതും പെടാതിരിക്കുന്നതാണ് ഭദ്രം.

*'നീ കടം വാങ്ങിയാൽ സമയത്തിനു തിരിച്ചുകൊടുക്കണം.'*
*(പ്രഭാ. 29:2)*

നോവൽ 18

ഇഗ്നേഷ്യസ് കലയന്താനി



# കിഴക്കൻകാറ്റ്

*കഥാസാരം*

*ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ സ്നേഹിച്ചും സഹകരിച്ചും കഴിഞ്ഞ അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. 20 വർഷംമുമ്പ് സിസിലിയുടെ കുടുംബം വീടുവിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് തമ്മിൽ ബന്ധമുണ്ടായില്ല. സൂസമ്മയുടെ മകൻ ജയേഷിന്റെ കല്യാണത്തിനു ക്ഷണിക്കാൻ ചെന്നപ്പോഴാണ് വീണ്ടും കണ്ടുമുട്ടിയത്. ഭർത്താവിനെ ആന ചവിട്ടിക്കൊന്നതിനു ശേഷം സിസിലിയുടെ കുടുംബജീവിതം ദുരിതപൂർണമായിരുന്നു. സിസിലിയുടെ മകൾ എൽസയുടെ സംസാരവും പെരുമാറ്റവും ജയേഷിന് നന്നേ ഇഷ്ടമായി. ജയേഷിന്റെ വിവാഹം നടന്നു. ഭാര്യ വർഷ മോഡേൺ ചിന്താഗതിക്കാരിയായിരുന്നതിനാൽ പൊരുത്തപ്പെട്ടുപോകാൻ നന്നേ ബുദ്ധിമുട്ടി. ഒരു വണ്ടിയപകടത്തിൽ പരിക്കേറ്റ് എൽസയുടെ കാലിനു സ്വാധീനക്കുറവ് വന്നതിനാൽ മുടന്തിയാണ് അവൾ നടന്നിരുന്നത്. അതുകൊണ്ട് അവളുടെ വിവാഹം നടന്നില്ല. ഇടവകവികാരി ഫാദർ മാത്യു കുരിശിങ്കൽ പണം സംഘടിപ്പിച്ചുകൊടുത്ത്, സർജറി നടത്തി മുടന്തുമാറ്റി. സർജറി നടത്തിയ ഡോക്ടർ മനുവുമായി എൽസ സൗഹൃദത്തിലായി. ഡോക്ടർ അവളുടെ വീടു സന്ദർശിച്ചു. ഇതിനിടയിൽ വർഷ ഗർഭിണിയായി. ഉടനെ ഒരു കുഞ്ഞു വേണ്ടെന്ന തീരുമാനത്തിൽ വർഷ ഭർത്താവിനെ അറിയിക്കാതെ, സ്വന്തം അമ്മയുടെ സഹായത്തോടെ ആശുപത്രിയിൽപോയി ഗർഭം അലസിപ്പിച്ചു. ബാത്‌റൂമിൽ തെന്നിവീണ് അബോർഷനായി എന്നു ഭർത്താവിനോടു കള്ളം പറഞ്ഞു. (തുടർന്നു വായിക്കുക)*

മഴ നീണ്ടുനിൽക്കുകയാണ്. കാതടപ്പിക്കുന്ന ഇടിശബ്ദം പടപടാ മുഴങ്ങിയപ്പോൾ സിസിലിയും എൽസയും വല്ലാതെ ഭയന്നുപോയി. ജപമാല ചൊല്ലി അവർ പ്രാർഥിച്ചുകൊണ്ടിരുന്നു.

"ഈ മഴ ഇന്നെങ്ങും തീരുന്ന ലക്ഷണമില്ലല്ലോ. ഈ രാത്രി എങ്ങനെ ഇരുട്ടിവെളിപ്പിക്കും മോളേ?"

"ഉറങ്ങണ്ട. രാത്രി മുഴുവൻ പ്രാർഥിച്ചോണ്ടിരിക്കാം. അല്ലാതെന്തു ചെയ്യാൻ."

"ഈ സ്ഥലോം വീടുമൊന്നു വിറ്റിട്ടു പോകാനും കഴിയുന്നില്ലല്ലോ."

"വയനാട്ടിലെ ഉരുൾപൊട്ടലുകൂടി കേട്ടപ്പം ഇനി ഒരു മനുഷ്യനും ഈ മലമോളിൽ വന്നു സ്ഥലം മേടിക്കില്ലമ്മേ."

"നേരാ. എത്ര പേരാ അവിടെ മരിച്ചത്. ഉറങ്ങിക്കിടന്നപ്പം ആരെങ്കിലും പ്രതീക്ഷിച്ചതാണോ ഈ രാത്രികൂടിയേ അവർക്കീ ഭൂമിയിൽ ജീവിതമുള്ളൂന്ന്."

എൽസ ഒന്നും മിണ്ടിയില്ല.

മഴ നിലയ്ക്കുന്ന ലക്ഷണമില്ല. വീടിനകം പലയിടത്തും ചോരുന്നുണ്ട്. സിസിലി ടോർച്ചെടുത്തു തെളിച്ച് എല്ലായിടത്തും നോക്കി. പലേടത്തും വെള്ളം കെട്ടിക്കിടപ്പുണ്ട്. ടോർച്ചുതെളിച്ച് അവർ അടുക്കളയിലേക്കു ചെന്നു. നോക്കിയപ്പോൾ അടുക്കള മുഴുവൻ വെള്ളം. മുകളിലേക്കു ടോർച്ചടിച്ചു നോക്കി. ഓടുപൊട്ടി വെള്ളം ധാരയായി നിലത്തേക്കൊഴുകിവീഴുന്നു. താഴെ ഒരു ബക്കറ്റ് വച്ചാൽ തീരുന്ന പ്രശ്നമേയുള്ളൂ. ബക്കറ്റ് വെളിയിലിരിപ്പുണ്ട്. അടുക്കളവാതിൽ തുറന്ന് സിസിലി വെളിയിലേക്കിറങ്ങി. അപ്പോഴാണ് ഓർത്തത് കോഴിക്കൂട് അടച്ചില്ലല്ലോ എന്ന്. കുറുക്കന്റെ ശല്യമുള്ള സ്ഥലമാണ്. മഴ നനഞ്ഞ് സാവധാനം കോഴിക്കൂടിന് അടുത്തേക്കു നടന്നു. പത്തുമീറ്റർ ദൂരെയാണ് കോഴിക്കൂട്. കോഴികളെല്ലാം ഉണ്ടോ എന്ന് കൂട്ടിനകത്തേക്കു ടോർച്ചടിച്ചു നോക്കി.

പൊടുന്നനെ സമീപത്തു നിന്ന ഒരു വലിയ പ്ലാവ് കടപുഴകി സിസിലിയുടെ ദേഹത്തേക്കു വീണു. ഒരലർച്ചയോടെ സിസിലി മറിഞ്ഞുവീണു.

എന്തോ ശബ്ദം കേട്ടതും കിടപ്പുമുറിയിലായിരുന്ന എൽസ ചാടിയെണീറ്റ് അടുക്കളയിലേക്കു വന്ന് മൊബൈൽടോർച്ച് അടിച്ചുനോക്കി. അമ്മയെ കാണാഞ്ഞപ്പോൾ പരിഭ്രാന്തയായി. നോക്കിയപ്പോൾ വാതിൽ തുറന്നുകിടപ്പുണ്ട്. തിടുക്കത്തിൽ പുറത്തിറങ്ങി ടോർച്ചടിച്ചു നോക്കി.

"അമ്മേ..."

ഉറക്കെ വിളിച്ചെങ്കിലും മറുപടി ഉണ്ടായില്ല. പരിഭ്രാന്തിയോടെ അങ്ങോട്ടുമിങ്ങോട്ടും നടന്നുനോക്കിയപ്പോഴാണ് പ്ലാവ് കടപുഴകി വീണുകിടക്കുന്നതു കണ്ടത്. അവളുടെ ശ്വാസഗതി പരമോന്നതിയിലായി. സൂക്ഷിച്ചുനോക്കിയപ്പോൾ മൊബൈൽ വെട്ടത്തിൽ കണ്ടു. അമ്മയുടെ ശരീരം ചലനമില്ലാതെ തടിയുടെ അടിയിൽ കിടക്കുന്നു. ഒരലർച്ചയായിരുന്നു. തളർന്ന് അവൾ നിലത്തിരുന്നുപോയി. സമനില വീണ്ടെടുക്കാൻ കുറേസമയം വേണ്ടിവന്നു. മഴ അപ്പോഴും കുറഞ്ഞിരുന്നില്ല.



മൊബൈൽ എടുത്ത് എൽസ നിഷയുടെ നമ്പറിൽ വിളിച്ചു വിവരം പറഞ്ഞു. നിഷയുടെ പപ്പ അയൽക്കാരെയും കൂട്ടി പത്തു മിനിറ്റിനകം ജീപ്പിൽ പാഞ്ഞെത്തി.

ശിഖരങ്ങൾ വെട്ടിമാറ്റി, തടി മറിച്ചിട്ട് സിസിലിയുടെ ശരീരം പുറത്തെടുക്കാൻ നന്നേ ബുദ്ധിമുട്ടി. ആ ശരീരത്തിൽനിന്ന് അപ്പോഴേക്കും ആത്മാവ് പറന്നുപോയിരുന്നു. അമ്മ മരിച്ചു എന്നറിഞ്ഞതും എൽസയുടെ കരച്ചിൽ ഉച്ചത്തിലായി. അവൾ തളർന്ന് ബോധമറ്റു വീണുപോയി.

* * *

എൽസയുടെ വീട്ടുമുറ്റത്ത് ഒരു പന്തൽ ഉയർന്നു. പന്തലിന്റെ മധ്യത്തിൽ വെള്ളത്തുണി വിരിച്ച മേശപ്പുറത്ത്, ശവപ്പെട്ടിയിൽ സിസിലിയുടെ ചേതനയറ്റ ശരീരം പൊതുദർശനത്തിനു വച്ചിരിക്കുകയാണ്. കൈയിൽ കുരിശുരൂപം. ചുറ്റും വെള്ളപ്പൂക്കൾ.

എൽസയും ടെസിയും അടുത്തിരുന്ന് ഏങ്ങിയേങ്ങി കരയുന്നുണ്ട്. ക്ഷീണിതമായ ആ മുഖങ്ങളിൽ കണ്ണീരൊഴുകിയ പാടുകൾ തെളിഞ്ഞുകാണാം.

സിസിലിയെ അവസാനമായി ഒരുനോക്കുകാണാനും അന്ത്യോപചാരം അർപ്പിക്കാനും ആളുകൾ വന്നുംപോയുമിരുന്നു. എൽസ ട്യൂഷൻ പഠിപ്പിക്കുന്ന കുട്ടികളും വേദപാഠം പഠിപ്പിക്കുന്ന കുട്ടികളുമൊക്കെ വന്ന് റീത്തു സമർപ്പിച്ചു പ്രാർഥിച്ചു.

പന്ത്രണ്ടരമണിയായപ്പോൾ പൂച്ചപ്പാറപ്പള്ളിയിൽനിന്ന് വികാരി ഫാദർ മാത്യു കുരിശിങ്കലും കൈക്കാരനും കാറിൽ വീട്ടുമുറ്റത്തു വന്നിറങ്ങി. അച്ചനെ കണ്ടപ്പോൾ എൽസയുടെ സങ്കടം ഇരട്ടിച്ചു. സാവധാനം അച്ചൻ എൽസയുടെ അടുത്തുവന്ന് ചേർത്തുപിടിച്ച് ചുമലിൽ തലോടിക്കൊണ്ടു പറഞ്ഞു: "എല്ലാം സഹിക്കാനുള്ള ശക്തി തരാൻ ദൈവത്തോടു പ്രാർഥിക്കു മോളേ."

അച്ചന്റെ ആശ്വാസവാക്കുകളൊന്നും അവളുടെ ഹൃദയത്തെ തണുപ്പിച്ചില്ല. തനിക്കു താങ്ങും തണലുമായിനിന്ന അമ്മ ഒരു നിമിഷംകൊണ്ട് ഈ ലോകം വിട്ടുപോയല്ലോ എന്ന സങ്കടമായിരുന്നു അവൾക്ക്. ഒമ്പതു വർഷംമുമ്പ് പപ്പയുടെ ജീവൻ ആന എടുത്തുകൊണ്ടുപോയി. ഇപ്പോൾ അമ്മയുടെ ജീവൻ വീടരികിൽനിന്ന പ്ലാവും എടുത്തോണ്ടുപോയി. എന്തൊരു ദുര്യോഗമാണ് തനിക്ക്! എന്തിനാണ് ദൈവംതന്നെ ഇങ്ങനെ പരീക്ഷിക്കുന്നത്? കൈ ഉയർത്തി അവൾ കണ്ണുകൾ തുടച്ചു.

ഒപ്പീസ് ചൊല്ലിയിട്ട് ഫാദർ മാത്യു കുരിശിങ്കൽ തെല്ലുമാറി ഒരു കസേരയിൽ പോയി ഇരുന്നു.

ഒരുമണി കഴിഞ്ഞപ്പോൾ ഡോക്ടർ മനു തോമസ് കാറിൽ വന്നിറങ്ങി. മൃതദേഹത്തിൽ റീത്തുവച്ച് കൈകൂപ്പി അയാൾ പ്രാർഥിച്ചു. മുഖം ഉയർത്തി നോക്കിയപ്പോൾ എൽസ നിറകണ്ണുകളോടെ തന്നെ നോക്കി നിൽക്കുന്നതു കണ്ടു. അമ്മ പോയി ഡോക്ടറേ എന്ന് അവളുടെ ചുണ്ടുകൾ മന്ത്രിക്കുന്നതായി മനുവിനു തോന്നി. ഡോക്ടറുടെ കണ്ണുനിറഞ്ഞു. മിഴികൾകൊണ്ട് ആശ്വാസം പകർന്നിട്ട് മനു പിന്നാക്കം മാറി ആളൊഴിഞ്ഞ സ്ഥലത്തുവന്നുനിന്നു.

രണ്ടുമണിക്കാണ് സംസ്കാരശുശ്രൂഷകൾ ആരംഭിക്കുന്നത്. ഒന്നേമുക്കാൽ കഴിഞ്ഞപ്പോൾ പള്ളിയിൽനിന്ന് വികാരിയച്ചനും കപ്യാരും എത്തി. അപ്പോഴേക്കും പന്തലിലും ചുറ്റുവട്ടത്തും ആളുകൾ നിറഞ്ഞുകവിഞ്ഞിരുന്നു.

കൃത്യം രണ്ടുമണിക്കുതന്നെ സംസ്കാരശുശ്രൂഷ തുടങ്ങി. കുരിശിങ്കലച്ചനാണ് മുഖ്യകാർമികനായത്. അനുശോചനപ്രസംഗത്തിൽ അച്ചൻ ഇങ്ങനെ പറഞ്ഞു:

"ഈ കുടുംബവുമായി എനിക്കുണ്ടായിരുന്ന ആത്മബന്ധം എന്റെ സ്വന്തം കുടുംബവുമായി ഉണ്ടായിരുന്നതിനേക്കാൾ അധികമാണ്. ഒരു മാസംമുമ്പ് ഞാനീ വീട്ടിൽവന്ന് ചേനപുഴുങ്ങിയതും കോഴിക്കറിയും കഴിച്ചത് ഓർക്കുന്നു. എത്ര സ്നേഹത്തോടെയാണ് സിസിലി അതെല്ലാം വിളമ്പിത്തന്നത്. എന്നും പള്ളിയിൽവന്ന് വിശുദ്ധകുർബാനയിൽ പങ്കുകൊണ്ട് മാതൃകാപരമായ ക്രിസ്തീയ ജീവിതം നയിച്ച വീട്ടമ്മയായിരുന്നു സിസിലി. സിസിലി മാത്രമല്ല, അവരുടെ മകൾ എൽസയും മറ്റുള്ളവർക്ക് എന്നും മാതൃകയായി ജീവിച്ച കുട്ടിയാണ്. എൽസയെ തനിച്ചാക്കിയിട്ട് ഇത്ര പെട്ടെന്ന് ദൈവം സിസിലിയെ സ്വർഗലോകത്തേക്കു കൂട്ടി കൊണ്ടുപോകുമെന്നു പ്രതീക്ഷിച്ചില്ല. നമ്മൾ പ്രതീക്ഷിക്കുന്നതുപോലെയല്ലല്ലോ ദൈവത്തിന്റെ വിളി വരുന്നത്. ഒമ്പതുവർഷം മുമ്പ് സിസിലിയുടെ ഭർത്താവ് തോമസിനെ ദൈവം വിളിച്ചു. പിന്നീട് ഒരുപാട് യാതനകളും വേദനയും അനുഭവിച്ചാണ് സിസിലി രണ്ടു മക്കളെ വളർത്തി വലുതാക്കി ജീവിതം കരുപ്പിടിപ്പിച്ചത്. മൂത്ത മകൾ ടെസിയെ കല്യാണം കഴിച്ചയച്ചു. ഇളയമകൾ എൽസയുടെ കല്യാണം നടന്നുകണ്ടിട്ടേ തന്നെ സ്വർഗത്തിലേക്കു വിളിക്കാവൂ എന്നു സിസിലി എപ്പോഴും പ്രാർഥിക്കുമായിരുന്നു. എന്നെ കാണുമ്പോഴൊക്കെ കല്യാണം നടക്കാൻ പ്രാർഥിക്കണേ എന്നു പറയുമായിരുന്നു. എന്തായാലും സിസിലിയുടെ ആ ആഗ്രഹം ദൈവം നിറവേറ്റിക്കൊടുത്തില്ല. നമ്മൾ ആഗ്രഹിക്കുന്നതെല്ലാം ദൈവം തരാറില്ലല്ലോ. ദൈവത്തിനു പ്രിയപ്പെട്ടവളായതുകൊണ്ട് സിസിലിയെ ദൈവം പെട്ടെന്നു വിളിച്ചു എന്നു വിശ്വസിക്കാനാണ് എനിക്കിഷ്ടം. എൽസ ഒറ്റയ്ക്കായല്ലോ എന്ന സങ്കടം വേണ്ടാ. അവൾക്ക് ഈ ഇടവകക്കാര് എല്ലാവരും ഉണ്ടാകും. അവളുടെ കല്യാണം ഞാൻ നടത്തിക്കൊടുക്കും. സിസിലിയുടെ ആത്മാവ് സ്വർഗത്തിലിരുന്ന് ഇതുകേട്ട് സന്തോഷിക്കട്ടെ. ആ ആത്മാവിന് നിത്യശാന്തി നേരുന്നു. വിധിയുടെ ദിവസം ദൈവം അവരെ വലതുവശത്തു നിറുത്തട്ടെ എന്നു പ്രാർഥിക്കുന്നു.

പ്രസംഗം അവസാനിപ്പിച്ചിട്ട് അച്ചൻ സംസ്കാരശുശ്രൂഷ തുടർന്നു: "വിശ്വസ്തരായ ഭൃത്യർക്കു വാഗ്ദാനം ചെയ്യപ്പെട്ട നിത്യാനന്ദത്തിലേക്കു ദൈവം നിന്നെ പ്രവേശിപ്പിക്കുമാറാകട്ടെ."

ഒടുക്കം അങ്ങനെ പ്രാർഥിച്ചിട്ട് അച്ചൻ സിസിലിയുടെ ശിരസ്സിൽ പുഷ്പമുടി ചാർത്തി.

ഭൗതികശരീരം വീട്ടിൽനിന്ന് എടുക്കാൻനേരം എൽസയും ടെസിയും അമ്മയ്ക്ക് അന്ത്യചുംബനം നൽകി. അമ്മയെ കെട്ടിപ്പിടിച്ച് എൽസ വാവിട്ടു കരഞ്ഞു. ബന്ധുക്കൾവന്ന് അവളെ പിടിച്ചുമാറ്റി.

സിസിലിയുടെ ഭൗതികശരീരം വഹിച്ചുകൊണ്ടുള്ള വിലാപയാത്ര സാവധാനം പള്ളിയിലേക്കു നീങ്ങി. സിസിലിയെ യാത്ര അയയ്ക്കാൻ പള്ളിമുറ്റത്തും ഒരുപാട് ആളുകൾ കാത്തുനിന്നിരുന്നു. അക്കൂട്ടത്തിൽ സൂസമ്മയും ജോസുമുണ്ടായിരുന്നു. ജയേഷ് പക്ഷേ, വന്നില്ല.

പള്ളിയിലെ പ്രാർഥന കഴിഞ്ഞ് ഭൗതികദേഹം സിമിത്തേരിയിലേക്ക് എടുക്കപ്പെട്ടു. എൽസയെയും ടെസിയെയും താങ്ങിപ്പിടിച്ചുകൊണ്ട് ബന്ധുക്കൾ സിമിത്തേരിയിലേക്കു കൊണ്ടുപോയി.

*ശേഷം 14-ാം പേജിൽ*

# പാവം കർഷകർ എന്തു പിഴച്ചു?

(3-ാം പേജ് തുടർച്ച)

**അവസാനകരടുവിജ്ഞാപനവും പ്രതിസന്ധികളും**

2024 ജൂലൈ 31 ന് കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ച ആറാമത്തെ കരടു വിജ്ഞാപനത്തിന്മേൽ പരാതിപ്പെടുന്നതിന് 60 ദിവസമാണു നൽകിയിരുന്നത്. പ്രസ്തുത കരടുവിജ്ഞാപനപ്രകാരം ഇഎസ്എ പ്രദേശങ്ങളുടെ ജിയോ കോർഡിനേറ്റഡ് മാപ്പ് ബയോഡൈവേഴ്സിറ്റി ബോർഡിന്റെ വെബ്സൈറ്റിൽ ഉണ്ടാകുമെന്നാണ് അറിയിച്ചിരുന്നത്. എന്നാൽ, പ്രസ്തുത മാപ്പ് ബയോഡൈവേഴ്സിറ്റി ബോർഡിന്റെ വെബ്സൈറ്റിൽ എത്തിയത് പരാതിപ്പെടുന്നതിനുള്ള 60 ദിവസ കാലാവധി തീരുന്നതിന് ഒരു ദിവസം മുമ്പുമാത്രമായിരുന്നു. അവിടെ ഒന്നല്ല; മൂന്നു മാപ്പുകൾ ഉണ്ടായിരുന്നു. ഇത് വലിയ ആശയക്കുഴപ്പമുണ്ടാക്കി.

ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഇപ്പോൾ ഇഎസ്എ ആയി പ്രഖ്യാപിക്കാൻ തയ്യാറാക്കിയിരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാ വില്ലേജുകളിലുംകൂടിയുള്ള ആകെ വനവിസ്തൃതി 7106 ചതുരശ്രകിലോമീറ്റർ മാത്രമേ ഉണ്ടാവൂ എന്നാണു കണക്കാക്കിയിരിക്കുന്നത്. അതായത്, 1600 ചതുരശ്ര കിലോമീറ്റർ ജനവാസമേഖലകൾ തീർച്ചയായും നിർദിഷ്ട ഇഎസ്എയിൽ ഉൾപ്പെടും. ഇക്കാര്യത്തിൽ സംസ്ഥാനസർക്കാരാണ് അടിയന്തരമായി ഇടപെടേണ്ടത്. അപ്രകാരം ചെയ്യുന്നില്ലെങ്കിൽ ധാരാളം ജനവാസമേഖലകൾകൂടി ഇഎസ്എയിൽ ഉൾപ്പെട്ടുപോകും.

2018 ജൂൺ 16 ന് സംസ്ഥാനം സമർപ്പിച്ച ശിപാർശകൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെക്കൊണ്ട് അംഗീകരിപ്പിക്കാൻ സംസ്ഥാനത്തിന് ഇനിയും കഴിഞ്ഞിട്ടില്ല. സംസ്ഥാനസർക്കാർ അടിയന്തരമായി ഇക്കാര്യത്തിലും ഇടപെടണം.

**2018 ലെ കോടതിയുത്തരവുകൾ മാനിക്കണം**

ഇഎസ്എ വിജ്ഞാപനം മലയാളത്തിൽ പ്രസിദ്ധപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു കർഷകസംഘടന ഹൈക്കോടതിയിൽ നൽകിയ കേസിന്റെ വിധിയനുസരിച്ച് മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുന്നതിനുള്ള ഉത്തരവാദിത്വം സംസ്ഥാനസർക്കാരിനാണ്. സംസ്ഥാനസർക്കാർ അടിയന്തരമായി നടപടികൾ സ്വീകരിച്ച് വിജ്ഞാപനത്തിന്റെ മലയാളപരിഭാഷ പ്രസിദ്ധപ്പെടുത്തണം. അതോടൊപ്പം, കൃത്യതയുള്ള ജിയോകോർഡിനേറ്റഡ് മാപ്പ് വിജ്ഞാപനത്തിൽ പറയുന്നതുപോലെ ബയോഡൈവേഴ്സിറ്റി ബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തണം. അതിനുശേഷം 60 ദിവസം പരാതി സമർപ്പിക്കാൻ ലഭ്യമാക്കണം.

കൂടാതെ, സംസ്ഥാനസർക്കാരിന്റെ 2018 ശിപാർശപ്രകാരമുള്ള 98 (92 ആയിരുന്നത് വിഭജിച്ചതിനാൽ) വില്ലേജുകളുടെയും പരിധിയിൽ വരുന്ന വനഭൂമിയുടെ അളവ് വനം വകുപ്പ് കൃത്യമായി പ്രസിദ്ധപ്പെടുത്തണം.

**സംസ്ഥാനസർക്കാർ സമർപ്പിച്ച ശിപാർശ**

ഏറ്റവും അവസാനം സംസ്ഥാന സർക്കാർ സമർപ്പിച്ച ശിപാർശപ്രകാരം, 2018 ൽ സമർപ്പിച്ച ശിപാർശയിൽ കൊടുത്തിരുന്ന 8656.46 ച.കി.മീറ്ററിൽനിന്നു വ്യത്യസ്തമായി ആകെ ഇഎസ് എ വിസ്തീർണ്ണം 8711.87 ചതുരശ്രകിലോമീറ്ററായി വർധിച്ചതായിട്ടാണ് കാണുന്നത്. ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞിരിക്കുന്നത് നിർദിഷ്ട 98 വില്ലേജുകളിലെ വനഭൂമിയുടെ വിസ്തൃതി 7106 ചതുരശ്രകിലോമീറ്റർമാത്രമാണ് എന്നാണ്. അതായത്, 1600 ചതുരശ്രകിലോമീറ്റർ ജനവാസ മേഖലകളും കൃഷിയിടങ്ങളും നിർദിഷ്ട ഇഎസ്എയിൽ ഉൾപ്പെടും. ഇത് പരിഹരിക്കുന്നതിനാണ് വനംവകുപ്പ് അവരുടെ കൈവശമുള്ള വനഭൂമിയുടെ വിസ്തീർണം രേഖകൾസഹിതം പ്രസിദ്ധപ്പെടുത്തണമെന്ന് ജനങ്ങൾ ആവശ്യപ്പെടുന്നത്.

**കേരളത്തിൽ എവിടെയെങ്കിലും ഒരു ഉരുൾപൊട്ടലോ അതിവൃഷ്ടിയോ ഉണ്ടായാൽ അത് ഗാഡ്ഗിൽ റിപ്പോർട്ടു നടപ്പാക്കാത്തതിന്റെ പേരിലാണെന്നു മുറവിളി കൂട്ടുന്നവർ ലോകമെമ്പാടും സംഭവിച്ചുകൊണ്ടിരിക്കുന്ന ഉരുൾപൊട്ടലുകളെയും പേമാരികളെയും ചുഴലിക്കൊടുങ്കാറ്റുകളെയും എന്തടിസ്ഥാനത്തിലാണു വിശദീകരിക്കുക? മുണ്ടക്കൈ, ചൂരൽമല, വിലങ്ങാട് ഉൾപ്പെടെ ഈ വർഷം ഉരുൾപൊട്ടിയ ഇടങ്ങളും മുൻവർഷങ്ങളിൽ ഉരുൾപൊട്ടിയ ഇടങ്ങളും നിബിഡവനത്തിനുള്ളിലാണ് എന്ന വസ്തുത വിസ്മരിക്കരുത്.**

**ഇനി എന്തുവേണം?**

ഇപ്പോഴത്തെ നിലയിലാണ് കാര്യങ്ങൾ പുരോഗമിക്കുന്നതെങ്കിൽ ഇഎസ്എ യിൽ ഉൾപ്പെടുന്ന പ്രദേശത്തെ ജനങ്ങൾ രണ്ടാംകിട പൗരന്മാരായി മാറും. കടുത്ത പരിസ്ഥിതിനിയന്ത്രണങ്ങൾക്കു വിധേയമാകുന്നതോടെ വ്യാവസായികസാമ്പത്തികകാർഷികവളർച്ചയും, സാംസ്കാരികവിദ്യാഭ്യാസ ആരോഗ്യപ്രവർത്തനങ്ങളും ആധുനിക ജീവിതസൗകര്യങ്ങളും ഗതാഗതസൗകര്യങ്ങളും എല്ലാം അവർക്കു നിഷേധിക്കപ്പെടും. നാളിതുവരെയുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ കൃഷിയും കാർഷികവൃത്തിയും സുരക്ഷിതത്വവും നഷ്ടപ്പെടുന്നതോടൊപ്പം കടുത്ത വന്യജീവിയാക്രമണങ്ങൾക്കും അവർ ഇരകളാകും. അത് ഒഴിവാക്കാൻ ഇനിപ്പറയുന്ന കാര്യങ്ങൾ അടിയന്തരപ്രാധാന്യത്തോടെ നടപ്പാക്കാൻ സംസ്ഥാനസർക്കാർ തയ്യാറാകണം.

1. ചതുരശ്രകിലോമീറ്ററിൽ നൂറിൽ കൂടുതൽ ജനസാന്ദ്രതയുള്ള വില്ലേജുകളെ നിർദിഷ്ടലിസ്റ്റിൽനിന്ന് ഒഴിവാക്കണം.
2. നാമമാത്രമായി വനഭൂമിയുള്ള വില്ലേജുകളെയും ഒഴിവാക്കണം.
3. കോടതിയുത്തരവു മാനിച്ചുകൊണ്ട് വിജ്ഞാപനത്തിന്റെ മലയാളപരിഭാഷ ഉടൻ പ്രസിദ്ധപ്പെടുത്തണം.
4. ഇപ്രകാരം ചെയ്തതിനുശേഷം ഇഎസ്എ ആയി ശിപാർശ ചെയ്യുന്ന പ്രദേശത്തിന്റെ ജിയോ കോർഡിനേറ്റഡ് മാപ്പ് ബയോഡൈവേഴ്സിറ്റി ബോർഡിന്റെ വെബ്സൈറ്റിൽ പൊതുജനങ്ങൾക്കു പരാതികൾ സമർപ്പിക്കാൻ തക്കവിധം കൃത്യതയോടെ ലഭ്യമാക്കണം.
6. അതിനുശേഷം പരാതി നൽകാൻ 60 ദിവസം കാലാവധി കേന്ദ്രത്തിൽനിന്നു വാങ്ങണം.
7. നിർദിഷ്ടവില്ലേജുകളിലെ വനഭൂമിയുടെ അളവ് വനംവകുപ്പ് പ്രസിദ്ധപ്പെടുത്തണം.
8. വനമായി പഴയ ഡോക്യുമെന്റുകളിൽ ഉള്ളതും പിന്നീട് പട്ടയം നൽകിയതും പല ആവശ്യങ്ങൾക്കായി പതിച്ചുനൽകിയതുമായ പ്രദേശങ്ങൾ ഒന്നും വനഭൂമികണക്കിൽ ഉൾപ്പെടുന്നില്ലായെന്ന് ഉറപ്പാക്കണം.
9. ഇഎസ്എ പ്രദേശങ്ങളിലെ ആധാരങ്ങളിൽ പരിസ്ഥിതിസംവേദകമേഖല എന്ന് എഴുതിച്ചേർക്കുന്നതുമൂലം അപ്രകാരമുള്ള ആധാരങ്ങൾ ഉപയോഗിച്ച് ലോൺ എടുക്കാൻപോലും കഴിയാത്ത സാഹചര്യം നിലനിൽക്കുന്നത് ഒഴിവാക്കണം.
10. കസ്തൂരിരംഗൻറിപ്പോർട്ടുപ്രകാരം ഇഎസ്എ ആയി കണക്കാക്കുന്നത് വില്ലേജുകളെയാണ്.

    ഒരു വില്ലേജിൽത്തന്നെ വനഭൂമിയും കൃഷിഭൂമിയും ഉൾപ്പെടുന്നതിനാൽ വില്ലേജുകളെ റവന്യൂ (ജനവാസ മേഖല) എന്നും ഇഎസ്എ (വനമേഖല) എന്നും വിഭജിച്ച് ഇഎസ്എ വില്ലേജിനു പ്രത്യേക പേരു നൽകി, ആ വില്ലേജുകൾമാത്രം ഇഎസ്എ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ തയ്യാറാകണം.
11. ഇഎസ്എ നിർണയത്തിനു വിവിധ വകുപ്പുകളുമായി ബന്ധപ്പെടേണ്ടതുള്ളതിനാൽ തദ്ദേശസ്വയംഭരണം, റവന്യൂ, കൃഷി, വനം, പരിസ്ഥിതി തുടങ്ങിയ വകുപ്പുകളിലെ ഉയർന്ന ഉദ്യോഗസ്ഥരെയും മന്ത്രിമാരെയും നിർദിഷ്ടമേഖലയിലെ എംഎൽഎമാരെയും ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ സെൽ അടിയന്തരമായി രൂപീകരിച്ച് പ്രവർത്തനങ്ങൾക്കു മേൽനോട്ടം വഹിക്കണം.

സമാനരീതിയിൽ വില്ലേജുതലംവരെ ഈ സെല്ലിന്റെ ഉപഘടകങ്ങൾ പ്രവർത്തിക്കണം.

കേരളത്തിന്റെ കാലാവസ്ഥയും പരിസ്ഥിതിയും സംരക്ഷിക്കുന്നതിൽ ഏറ്റവും വലിയ പങ്കു വഹിച്ചിട്ടുള്ളത് കർഷകരാണ്. അതുകൊണ്ടാണ് ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ കണക്കുപ്രകാരം സംസ്ഥാനത്തിന്റെ ആകെ വിസ്തീർണത്തിന്റെ 54.5 ശതമാനവും വനസമാനമായിരിക്കുന്നത്.

വനംവകുപ്പിന്റെ കൈവശത്തിലുള്ള 29.4 ശതമാനം കഴിച്ച് ബാക്കി വരുന്ന 25 ശതമാനത്തോളം പ്രദേശത്തെ വനതുല്യമാക്കി സംരക്ഷിച്ചു പരിസ്ഥിതിക്കു വലിയ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്നത് ഇവിടുത്തെ കർഷകസമൂഹമാണെന്ന വസ്തുത വിസ്മരിക്കരുത്.

ഇപ്രകാരം ഒരു ഇഎസ്എ പ്രഖ്യാപനം ഉണ്ടായില്ലായെങ്കിലും കേരളത്തിന്റെ പരിസ്ഥിതിയും വനഭൂമിയും കേരളത്തിലെ കർഷകരും ജനങ്ങളും സംരക്ഷിക്കുമെന്നതും ഒരു യാഥാർഥ്യമാണ്.

കേരളത്തിൽ എവിടെയെങ്കിലും ഒരു ഉരുൾപൊട്ടലോ അതിവൃഷ്ടിയോ ഉണ്ടായാൽ അത് ഗാഡ്ഗിൽ റിപ്പോർട്ടു നടപ്പാക്കാത്തതിന്റെ പേരിലാണെന്നു മുറവിളി കൂട്ടുന്നവർ ലോകമെമ്പാടും സംഭവിച്ചുകൊണ്ടിരിക്കുന്ന ഉരുൾപൊട്ടലുകളെയും പേമാരികളെയും ചുഴലിക്കൊടുങ്കാറ്റുകളെയും എന്തടിസ്ഥാനത്തിലാണു വിശദീകരിക്കുക? മുണ്ടക്കൈ, ചൂരൽമല, വിലങ്ങാട് ഉൾപ്പെടെ ഈ വർഷം ഉരുൾപൊട്ടിയ ഇടങ്ങളും മുൻവർഷങ്ങളിൽ ഉരുൾപൊട്ടിയ ഇടങ്ങളും നിബിഡവനത്തിനുള്ളിലാണ് എന്ന വസ്തുത വിസ്മരിക്കരുത്.

ഇഎസ്എ പ്രഖ്യാപനത്തിന്റെ പേരിൽ കേരളത്തിൽ ഒരു വ്യക്തിയും ഒരു പ്രദേശവും ബലിയാടാവുന്നില്ല എന്ന് സംസ്ഥാനസർക്കാരും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉറപ്പാക്കണം. ■

# സൈബർചിലന്തികൾ വലയൊരുക്കുമ്പോൾ

(1-ാം പേജ് തുടർച്ച)

ധനകാര്യസേവനങ്ങളിൽ നിർമിതബുദ്ധിയുടെയും (എഐ) മെഷീൻ ലേണിങ്ങിന്റെയും ഉപയോഗം ആഗോളതലത്തിൽ വർധിച്ചുവരുന്നതുമൂലമുള്ള അപകടസാധ്യതകൾ ലഘൂകരിക്കാൻ ബാങ്കുകൾക്കു മതിയായ സംവിധാനങ്ങൾ ആവശ്യമാണെന്ന് അദ്ദേഹം മുന്നറിയിപ്പു നൽകി.

നിർമിതബുദ്ധിയെ അമിതമായി ആശ്രയിക്കുന്നതിലെ അപകടങ്ങൾ റിസർവ് ബാങ്ക് ഗവർണർ ചൂണ്ടിക്കാട്ടുന്നു. സൈബർ ആക്രമണങ്ങൾക്കും ഡേറ്റാ ലംഘനങ്ങൾക്കും അടക്കം എഐയുടെ ഉപയോഗം പുതിയ അപകടങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഈ സിസ്റ്റങ്ങളിലെ പരാജയങ്ങളോ തടസ്സങ്ങളോ സാമ്പത്തികമേഖലയിലുടനീളം വ്യാപിച്ചേക്കാം. കടം കൊടുക്കുന്നയാളുടെ തീരുമാനങ്ങൾ അടക്കം സാമ്പത്തികതീരുമാനങ്ങൾ നയിക്കുന്ന അൽഗോരിതങ്ങളെ ദുരുപയോഗപ്പെടുത്തുക എളുപ്പമാണ്. നിർമിതബുദ്ധിസംവിധാനങ്ങളുടെ സുതാര്യതയില്ലായ്മ കാര്യങ്ങൾ സങ്കീർണമാക്കുന്നു. നിർമിതബുദ്ധിയുടെ സാങ്കേതികദാതാക്കൾ വിപണിയിൽ ആധിപത്യം സ്ഥാപിക്കുന്നതു കോൺസൺട്രേഷൻ റിസ്കുകൾക്കു കാരണമാകും.


ഓൺലൈൻ ബാങ്കിങ്ങും പേയ്മെന്റ് ആപ്പുകളും സോഷ്യൽ മീഡിയയുംമൂലം നിമിഷങ്ങൾക്കുള്ളിൽ പണം കൈമാറ്റം നടക്കുന്നു. അന്താരാഷ്ട്രപണമിടപാടുകളിലും പ്രശ്നങ്ങളുണ്ടായേക്കാം. കഴിഞ്ഞവർഷം 1,11,000 കോടി ഡോളറിന്റെ (111 ബില്യൺ) ഇടപാടുകളാണ് ഇന്ത്യക്കാർ നടത്തിയത്. അഭ്യൂഹങ്ങളും തെറ്റായ വിവരങ്ങളും വേഗത്തിൽ പ്രചരിക്കുന്നു. പണലഭ്യത സമ്മർദത്തിനു കാരണമാവുകയും ചെയ്യും. ബാങ്കുകളും മറ്റു ധനകാര്യസ്ഥാപനങ്ങളും ഈ അപകടസാധ്യതകൾക്കെതിരേ മതിയായ നടപടികൾ കൈക്കൊള്ളണമെന്നു റിസർവ് ബാങ്ക് നിർദേശിച്ചിട്ടുണ്ട്.

**നിർമിതബുദ്ധിയല്ല മാനുഷികത**

കർശനമായ സൈബർസുരക്ഷാ നടപടികളും ഫലപ്രദമായ പൊതു അവബോധപ്രവർത്തനങ്ങളും ഉണ്ടായേ മതിയാകൂ. ഇതോടൊപ്പം, സൈബർ തട്ടിപ്പുകളും നിർമിതബുദ്ധിയുടെ ദുരുപയോഗവും തടയുന്നതിനു കർശനവ്യവസ്ഥകളോടെയുള്ള നിയമ ചട്ടക്കൂട് ശക്തിപ്പെടുത്തുകയും വേണം. ഇന്ത്യയുടെ ഡിജിറ്റൽ ഭാവി മെച്ചപ്പെടുത്തുന്നതിന് എഐ - സൈബർവിദഗ്ധരും സർക്കാരും കൈകോർക്കുക. സാങ്കേതികവിദ്യകൾകൊണ്ടുമാത്രം ഭാവിതലമുറയുടെ വികാസം സാധ്യമല്ല. തൊഴിൽവിപണികളെയും കുട്ടികളുടെയടക്കം ജനങ്ങളുടെ വൈകാരികതയെയും തകർക്കാതെയാകണം നിർമിതബുദ്ധിയുടെ വ്യാപക ഉപയോഗം.

നിർമിതബുദ്ധിയും ഡിജിറ്റൽ സാങ്കേതികവിദ്യകളും ഒരുപോലെ ഭാവിയുടെ അവസരങ്ങളും വെല്ലുവിളികളുമാണ്. സാങ്കേതികവിദ്യകൾ ഉപയോഗിക്കപ്പെടണം. എന്നാൽ, സുരക്ഷ ഉറപ്പാക്കുക പ്രധാനമാണ്. മാനുഷികമൂല്യങ്ങളും മനുഷ്യശേഷിയുടെ വളർച്ചയും സാമൂഹിക, മാനുഷികബന്ധങ്ങളുടെ പ്രധാന്യവും മറക്കരുത്. സങ്കീർണമായ സാമൂഹികപ്രശ്നങ്ങളെ മാന്ത്രികമായി പരിഹരിക്കാൻ കഴിയുന്ന ഒറ്റമൂലിയല്ല എഐ യന്ത്രങ്ങൾ. എത്ര മികച്ചതായാലും മാനുഷികതയും മാനവികതയും വൈകാരികതയും സാംസ്കാരവുമെല്ലാം ചേർന്നതാകണം രാജ്യത്തിന്റെയും പൗരന്മാരുടെയും ഭാവിപദ്ധതികൾ. ■

അനുഭവങ്ങളേ നന്ദി



സി.എൽ. ജോസ്

# സിനിമകാണാൻ കൊതിച്ച്



തൃശൂർ ജില്ലയിലെ പുതുക്കാട് എന്ന സ്ഥലത്താണ് ഞാൻ നാലാംക്ലാസുവരെ പഠിച്ചത്. അന്ന് അവിടെയായിരുന്നു എന്റെ പിതാവിനു ജോലി. 1941 ൽ പിതാവ് തൃശൂരിൽ മറ്റൊരു ജോലിയിൽ പ്രവേശിച്ചതോടെ ഞങ്ങൾ കുടുംബസമേതം തൃശൂരിലേക്കു പോന്നു.

പുതുക്കാട് കൊയ്ത്തു കഴിഞ്ഞ പാടത്തു ടൂറിങ്ങുടാക്കീസുകാർ മിക്ക വർഷവും വന്നു കൂടാരമടിച്ചു സിനിമാപ്രദർശനം നടത്തിയിരുന്നു. അവിടെവച്ചാണ് ഞാനാദ്യമായി സിനിമ കാണുന്നത്. അധികവും തമിഴ്സിനിമകളായിരുന്നു. അന്നുമുതൽ സിനിമയെന്ന വിസ്മയം കാണാൻ എന്തെന്നില്ലാത്ത അഭിനിവേശമായിരുന്നു എനിക്ക്.

ഒരിക്കൽ അങ്കമാലിയിൽനിന്ന് എന്റെ അപ്പൂപ്പൻ (അമ്മയുടെ അപ്പൻ) തൃശൂർക്കു വന്നു. മകളുടെയും കുടുംബത്തിന്റെയും ക്ഷേമമന്വേഷിച്ച് എത്തിയതാണ്. ഞങ്ങൾക്ക് സാമ്പത്തികശേഷിയില്ലെങ്കിലും അമ്മാനപ്പനെ വേണ്ടവിധം സൽക്കരിക്കാനായി മരുമകനായ അപ്പൻ കടംവാങ്ങിയാണെങ്കിലും സുഭിക്ഷമായ വിരുന്നൊരുക്കി. എങ്ങനെയൊക്കെയാണ് അമ്മാനപ്പനെ തൃപ്തിപ്പെടുത്തേണ്ടതെന്നാലോചിച്ചപ്പോൾ പുതുമയുള്ള ഒരാശയം അപ്പന്റെ മനസ്സിൽ പൊന്തിവന്നു. ആദ്യമായി തൃശൂർക്കു വന്നതല്ലേ, അമ്മാനപ്പനെ ഒരു സിനിമ കാണിക്കുക. തൃശൂർ ജോസ് തിയേറ്ററിൽ നല്ലൊരു സിനിമ വന്നിട്ടുണ്ട്.

അപ്പൂപ്പൻ മുമ്പ് സിനിമ കണ്ടിട്ടില്ല. അക്കാലത്ത് അങ്കമാലിയിൽ കൂടാരമടിച്ചുള്ള സിനിമപോലും വന്നിട്ടില്ല. അപ്പൂപ്പനോടു വിവരം പറഞ്ഞപ്പോൾ 'അതൊന്നും വേണ്ട' എന്നു പറഞ്ഞെങ്കിലും മുഖത്ത് അർദ്ധസമ്മതത്തിന്റെ പുഞ്ചിരിയുണ്ടായിരുന്നു. അപ്പൻ നിർബന്ധിച്ചപ്പോൾ സമ്മതം മൂളി. സിനിമാജ്വരമുള്ള ഞാനും അപ്പൂപ്പനെ പ്രേരിപ്പിച്ചു. അപ്പൻ പറഞ്ഞു: "ജോസ് കൂടെവരും. സിനിമ കഴിഞ്ഞു നിങ്ങൾ ഒരുമിച്ചുപോന്നാൽ മതി."

അപ്പൻ ബഞ്ചിന്റെ ടിക്കറ്റിനുള്ള പൈസ തന്നു. അന്നത്തെ ടിക്കറ്റുനിരക്കുകൾ ഇങ്ങനെയായിരുന്നു: ഒന്നാംക്ലാസ് കസേര ഒരു രൂപ, രണ്ടാം ക്ലാസ് എട്ടണ, ബഞ്ച് നാലണ, തറ രണ്ടണ (അതായത്, ഇന്നത്തെ പന്ത്രണ്ടു പൈസ).

വീട്ടിൽനിന്നു രണ്ടു കിലോമീറ്റർ അകലെയുള്ള ജോസ് തിയേറ്ററിലേക്ക് അന്ന് ഒമ്പതുവയസ്സുള്ള ഞാൻ അപ്പൂപ്പനെയും കൊണ്ടു നടന്നുപോയി. അപ്പൂപ്പന് ബഞ്ചിന്റെ ടിക്കറ്റെടുത്തു കൊടുത്തു. സിനിമകാണാൻ ഏറ്റവും കൊതിയുള്ള എനിക്ക് ടിക്കറ്റിനുള്ള പൈസയില്ല. ഇരിക്കാനുള്ള സ്ഥലമെല്ലാം ചൂണ്ടിക്കാണിച്ചുകൊടുത്തിട്ടു ഞാൻ പുറത്തേക്കു നിരാശയോടെ പോന്നു. 'സിനിമ കാണാൻ നീയും വാ' എന്ന് പറഞ്ഞ് അപ്പൂപ്പൻ എനിക്കുള്ള പൈസ തരുമെന്നു ഞാൻ ആശിച്ചു. കർഷകനും നാട്ടിൻപുറത്തുകാരനുമായ അപ്പൂപ്പന് അങ്ങനെ ഒരു നല്ല മനസ്സു തോന്നിയില്ല. ഞാൻ തിയേറ്ററിനു പുറത്തേക്കുപോരുമ്പോൾ അപ്പൂപ്പൻ എന്തോ പറയാൻ എന്നെ നോക്കി. ഞാൻ ആശയോടെ ഓടിച്ചെന്നു. 'മോനും ഒരു ടിക്കറ്റെടുത്തോ' എന്നു പറഞ്ഞ് പൈസ തരാനാകുമെന്നു ഞാൻ വിചാരിച്ചു. പക്ഷേ, നോക്കിയത് അതിനല്ല. "കളികഴിയുമ്പോ നീ പുറത്ത് എന്നെ കാത്തുനിൽക്കണം." അപ്പൂപ്പന്റെ ഉത്കണ്ഠ അതായിരുന്നു. "ശരി. ഞാൻ കാത്തുനിൽക്കാം." മ്ലാന മുഖത്തോടെ ഞാൻ സമ്മതിച്ചു.

കുറച്ചുകഴിഞ്ഞപ്പോൾ 6.30 ന്റെ സിനിമ തുടങ്ങി. ഇനി രണ്ടരമണിക്കൂർ കാത്തിരിക്കണം. ഞാൻ തിയേറ്ററിന്റെ എതിർവശത്തെ ഫുട്പാത്തിനോട് ചേർന്നുള്ള അരമതിലിൽ പോയി ഇരുന്നു. എനിക്കു വല്ലാത്ത നിരാശയും സങ്കടവും തോന്നി. എത്ര മോഹിച്ചതാണ് സിനിമ കാണാൻ. ഈ കൊച്ചുമനസ്സിന്റെ പ്രയാസം ആരും മനസ്സിലാക്കിയില്ല. ആ രാത്രിസമയത്ത് ഒറ്റയ്ക്ക് മഞ്ഞുകൊണ്ട് അപ്പൂപ്പനെ കാത്തിരുന്നു.

സിനിമ കഴിഞ്ഞതിന്റെ സൂചനയായി ബെല്ലടിയും ഉച്ചഭാഷിണിയിലൂടെയുള്ള പാട്ടും കേട്ടപ്പോൾ ഞാൻ ഗേറ്റിനടുത്തേക്കു ചെന്ന്, അപ്പൂപ്പനെയും കൂട്ടി വീണ്ടും രണ്ടു കിലോമീറ്റർ നടന്നു വീട്ടിലെത്തി. വഴിക്കുവച്ച് സിനിമ നന്നായോ എന്ന് അപ്പൂപ്പനോടു ഞാൻ ചോദിച്ചതേയില്ല. ചോദിക്കാനുള്ള സന്തോഷം ഉണ്ടായില്ല എന്നതാണു സത്യം.

അനേകം വർഷങ്ങൾ കഴിഞ്ഞപ്പോൾ അന്നത്തെ ഒമ്പതുകാരൻ അറിയപ്പെടുന്ന നാടകകൃത്തായി വളർന്നു. എന്റെ ഒട്ടേറെ നാടകങ്ങൾ കേരളത്തിനകത്തും പുറത്തുമുള്ള മലയാളികൾ ഇടതടവില്ലാതെ അവതരിപ്പിച്ചു. നിരവധി നാടകങ്ങൾ ആകാശവാണി നാടകവാരത്തിലും അല്ലാതെയും പ്രക്ഷേപണം ചെയ്തു. റേഡിയോനാടകവാരത്തിൽ വന്ന എന്റെ മണൽക്കാട്, അഗ്നിവലയം എന്നീ നാടകങ്ങൾ പിന്നീട് ദേശീയപരിപാടിയായി പതിന്നാലു ഭാഷകളിൽ ഇന്ത്യയൊട്ടുക്കു പ്രക്ഷേപണം ചെയ്തു. കേരളത്തിലെ മൂന്നു യൂണിവേഴ്സിറ്റികളിൽ സ്കൂൾഫൈനൽകാരനായ എന്റെ നാടകങ്ങൾ ഡിഗ്രിക്കു പാഠപുസ്തകങ്ങളായി.

പല നാടകങ്ങളും ചലച്ചിത്രങ്ങളായി. 'ഭൂമിയിലെ മാലാഖ' എന്ന നാടകം അതേപേരിലും (ഇതിൽ പ്രേംനസീർ, തിക്കുറിശ്ശി, മുത്തയ്യ, സുകുമാരി, അടൂർഭാസി തുടങ്ങിയവർ അഭിനയിച്ചു) 'മണൽക്കാട്' നാടകം 'അറിയാത്ത വീഥികൾ' എന്ന പേരിലും (കെ.എസ്. സേതുമാധവൻ സംവിധാനം ചെയ്തു. മധു, സുകുമാരി, മമ്മൂട്ടി മോഹൻലാൽ, മണിയൻപിള്ള രാജു തുടങ്ങിയവർ അഭിനയിച്ചു) 'ശാപരശ്മി' നാടകം 'അഗ്നിനക്ഷത്രം' എന്ന പേരിലും (മഞ്ഞിലാസിന്റെ ബാനറിൽ വിൻസെന്റ് മാഷ് സംവിധാനം ചെയ്തു. ലക്ഷ്മി, സോമൻ, മോഹൻ, നന്ദിതാബോസ്, ഒടുവിൽ ഉണ്ണിക്കൃഷ്ണൻ, ശങ്കരാടി, ബഹദൂർ, എൻ.ഗോവിന്ദൻ കുട്ടി, പി.കെ. ഏബ്രഹാം തുടങ്ങിയവർ ഇതിലഭിനയിച്ചു. സംഗീതം ദേവരാജൻ. പാടിയവർ യേശുദാസ്, പി.ലീല, പി. സുശീല, മാധുരി) ചലച്ചിത്രങ്ങളായി. അഗ്നിനക്ഷത്രം 1977 ഏപ്രിലിൽ വിഷുവിനു കേരളത്തിലെ തിയേറ്ററുകളിൽ റിലീസ് ചെയ്തു. അതേ ജോസ് തിയേറ്ററിലാണ് 'അഗ്നിനക്ഷത്രം' പ്രദർശിപ്പിച്ചത്. അന്നെല്ലാം ആ സിനിമ എല്ലാ ദിവസവും സൗജന്യമായി കാണാൻ എനിക്കു സൗകര്യമുണ്ടായിരുന്നു.

വർഷങ്ങൾ പിന്നെയും കടന്നുപോയി. കേരളത്തിലെ ഫിലിം സെൻസർ ബോർഡ് മെമ്പറായി ഞാൻ നോമിനേറ്റു ചെയ്യപ്പെട്ടു. നാലുവർഷം ആ സ്ഥാനം തുടർന്നു. എനിക്കു നൽകിയ ഫോട്ടോ പതിച്ച ഐ.ഡി. കാർഡു കാണിച്ചാൽ കേരളത്തിൽ മാത്രമല്ല ഇന്ത്യയിലെ ഏതു തിയേറ്ററിലും ഉയർന്ന ക്ലാസിൽ സൗജന്യമായി സിനിമ കാണാം. ഇതെല്ലാം ദൈവത്തിന്റെ നിഗൂഢവും വിസ്മയകരവുമായ പദ്ധതികൾ! ■

# കർഷകർ കാത്തുവച്ച പ്രസ്ഥാനം

(9-ാം പേജ് തുടർച്ച)

എന്നാൽ, മാരകമായ ഒരു പ്രഹരം പുതിയ പിളർപ്പിന്റെ രൂപത്തിൽ പാർട്ടിക്ക് ഏറ്റുവാങ്ങേണ്ടിവന്നു. 1979 ജൂലൈ 15 ന് കെ.എം. മാണിയുടെയും പി.ജെ. ജോസഫിന്റെയും നേതൃത്വത്തിൽ കേരളകോൺഗ്രസ് നെടുകെ പിളർന്നു. കേരള കോൺഗ്രസ് (എം)ഉം കേരള കോൺഗ്രസ് (ജെ)യും നിലവിൽവന്നു. എന്നാൽ, നാലു വർഷത്തിനുശേഷം 1983 മാർച്ച് മൂന്നിന് മാണി, ജോസഫ് വിഭാഗങ്ങൾ ലയിച്ചു. ജനാധിപത്യവിശ്വാസികൾ പൊതുവെ ആശ്വസിച്ചു. കേരള കോൺഗ്രസ് ശക്തമായി മുന്നോട്ടു പോകുമല്ലോ.

ഈ ആശ്വാസത്തിനു ഹ്രസ്വായുസ്സേ ഉണ്ടായിരുന്നുള്ളൂ. 1987 ഫെബ്രുവരി 22 ന് മാണിയും ജോസഫുമായി പാർട്ടി വീണ്ടും പിളർന്നു. തൊട്ടടുത്ത മാസം, മാർച്ച് 23 ന് വീണ്ടും നിയമസഭാതിരഞ്ഞെടുപ്പ്. ജനങ്ങൾ കേരള കോൺഗ്രസിനെ കഠിനമായി ശിക്ഷിച്ചു. മാണിവിഭാഗത്തിനു നാലും ജോസഫ് വിഭാഗത്തിന് അഞ്ചും എം.എൽ.എ.മാർമാത്രം. ശിക്ഷ ഏറ്റുവാങ്ങിക്കൊണ്ട് ഗ്രൂപ്പുകൾ പിന്നെയും വേറിട്ടുതന്നെ നിന്നു. 1991 ലെ തിരഞ്ഞെടുപ്പിൽ ഐക്യമുന്നണിയിലായിരുന്ന മാണിവിഭാഗം പത്ത് എം.എൽ.എ.മാരുമായി അധികാരത്തിലെത്തി. അധികാരത്തിലിരിക്കേ പാർട്ടി വീണ്ടും പിളർന്നു. 1993 ഡിസംബർ 16 ന് ടി.എം. ജേക്കബ് മൂന്ന് എം.എൽ.എമാരോടൊപ്പം പിളർന്നുമാറി കേരളകോൺഗ്രസ് (ജേക്കബ്) നു രൂപം നൽകി. ഇതുകൊണ്ടും പിളർപ്പുകൾ അവസാനിച്ചില്ല. 1995, 1996, 2001, 2015, 2016, 2017 വർഷങ്ങളിൽ ഗ്രൂപ്പുകൾ പിന്നെയും പിളരുന്നുണ്ട്. ഇതിനിടയിൽ ജനാധിപത്യവിശ്വാസികളുടെ പ്രതീക്ഷകൾ പൂവണിയിച്ചുകൊണ്ട് ഒരു ലയനവും കേരളകോൺഗ്രസിലുണ്ടായി. 2010 മേയ് 27 ന് മാണി, ജോസഫ് വിഭാഗങ്ങൾ ലയിച്ച് ഏകകക്ഷിയായിത്തീർന്നു. ഇതൊരു ഏച്ചുകെട്ടൽമാത്രമായിരുന്നു. ഒരു കക്ഷിക്കുള്ളിൽ രണ്ടു വിഭാഗങ്ങളായിത്തന്നെയാണു തുടർവർഷങ്ങളിലും പാർട്ടി മുന്നോട്ടുപോയത്.

ഒടുവിൽ, പിന്നെയും പാർട്ടി രണ്ടായി. മനസ്സുകൊണ്ട് ഒന്നിക്കാൻ കഴിയാതിരുന്ന നേതാക്കൾ 2019 ജൂൺ 16 ന് വീണ്ടും രണ്ടായി. കേരള കോൺഗ്രസിന്റെ എന്നത്തെയും വലിയ ശക്തികേന്ദ്രമായ കെ.എം. മാണി അന്തരിച്ചിട്ട് അന്നേക്ക് എട്ടു ദിവസംമാത്രമേ ആയിരുന്നുള്ളൂ.

1965 ൽ 25 നിയമസഭാസീറ്റുകളിൽ ജയിച്ച കേരള കോൺഗ്രസിന് 60 വയസ്സു തികയുമ്പോൾ വിവിധ ഗ്രൂപ്പുകളിലായി ആകെ പത്ത് എം.എൽ.എ.മാർ മാത്രം. പാർട്ടി പിളർന്നുണ്ടായ ഗ്രൂപ്പുകളുടെ എണ്ണം എട്ടും.

ഇങ്ങനെയൊക്കെയാണെങ്കിലും കേരളകോൺഗ്രസ് ഇന്നും പ്രബലമായ ഒരു രാഷ്ട്രീയപ്രസ്ഥാനംതന്നെയാണ്. മധ്യവർഗത്തിന്റെ (കർഷകജനതയുടെ) താത്പര്യങ്ങൾക്കുവേണ്ടി രൂപംകൊണ്ട പാർട്ടിയിൽ ആ ജനവിഭാഗം ഇന്നും പ്രതീക്ഷ വച്ചുപുലർത്തുന്നുണ്ട്. അവരുടെ ആവശ്യങ്ങളും താത്പര്യങ്ങളും ഉൾച്ചേർത്തുകൊണ്ടാണു കെ.എം. മാണി 1973 ലെ ആലുവാ സാമ്പത്തികപ്രമേയവും 1978 ലെ അധ്വാനവർഗസിദ്ധാന്തവും വഴി കേരളകോൺഗ്രസിനു പ്രത്യയശാസ്ത്രപരമായ അടിത്തറ തീർത്തത്. കർഷകർക്കു ഭൂരിപക്ഷമുള്ള മധ്യവർഗത്തെയാണു പാർട്ടി എന്നും ചേർത്തുനിർത്തിയത്. 'പള്ളിയച്ചന്മാരുടെയും പിള്ളയച്ചന്മാരുടെയും ജന്മികളുടെയും പണച്ചാക്കുകളുടെയും വർഗീയശക്തികളുടെയും പാർട്ടി' എന്നാണു ശത്രുപക്ഷം തുടക്കംമുതലേ കേരള കോൺഗ്രസിനെ ആക്ഷേപിച്ചുപോന്നത്. റബർകർഷകർക്കുവേണ്ടിയും നെൽകർഷകർക്കുവേണ്ടിയും സാധാരണക്കാരുടെ റേഷൻവിഹിതം വർധിപ്പിച്ചു കിട്ടുന്നതിനുവേണ്ടിയും കേരള കോൺഗ്രസ് ആദ്യംമുതലേ സമരരംഗത്തുണ്ടായിരുന്നു.

കേരളത്തിലെ സ്വകാര്യകോളജുകളുടെ ഇന്നത്തെ സുരക്ഷിതനില, 1971-72 ലെ വിദ്യാഭ്യാസസമരകാലത്തു കേരളകോൺഗ്രസ് സ്വീകരിച്ച നിലപാടുകളുടെ അനന്തരഫലമാണ്. എന്നല്ല, പൊതുവെ വിദ്യാഭ്യാസരംഗത്തു സ്വകാര്യമേഖലയ്ക്കെതിരെയുള്ള ഏതു നീക്കത്തെയും പാർട്ടി ശക്തമായി ചെറുത്തു തോല്പിച്ചിട്ടുണ്ട്. തോട്ടവിളകളുടെ അമിതനികുതി ഒഴിവാക്കിയും കുടിയേറ്റക്കർഷകർക്കു പട്ടയം നല്കുന്ന കാര്യത്തിൽ മുൻനിന്നു പ്രവർത്തിച്ചും കർഷകത്തൊഴിലാളി പെൻഷൻ ഉൾപ്പെടെയുള്ള നിരവധി ക്ഷേമപെൻഷനുകൾ ഏർപ്പെടുത്താൻ മുൻകൈയെടുത്തും കാരുണ്യപദ്ധതിപോലെയുള്ള ജനപ്രിയപദ്ധതികൾക്കു രൂപം നല്കിയും കേരള കോൺഗ്രസ് കഴിഞ്ഞ ആറു പതിറ്റാണ്ടിനിടയിൽ കേരളവികസനത്തിന്റെ രാഷ്ട്രീയഊർജ്ജമായി നിലകൊണ്ടു. ഇനിയും ഈ വഴിക്കു പാർട്ടിയിൽനിന്നുള്ള നേട്ടങ്ങൾക്കായി കേരള ജനത പ്രതീക്ഷാപൂർവം ഉറ്റുനോക്കുന്നതു കേരളകോൺഗ്രസിനെയാണെന്നതു നേതാക്കൾ മറക്കാതിരിക്കട്ടെ. വളരും തോറും പിളരുകയും പിളരും തോറും വളരുകയും ചെയ്യുന്ന പാർട്ടി എന്നു കെ.എം. മാണി പ്രവർത്തകരെ ആശ്വസിപ്പിച്ച കാര്യം മറന്നേക്കുക. ■




*11-ാം പേജ് തുടർച്ച*

സിമിത്തേരിയിലെ പ്രാർഥന കഴിഞ്ഞ് പൊതുജനങ്ങൾക്ക് അന്ത്യോപചാരം അർപ്പിക്കാനുള്ള സമയമായി. രണ്ടുവരിയായി ഇരുവശത്തുകൂടെയും ആളുകൾവന്നു പൂക്കൾ അർപ്പിച്ചിട്ട് കടന്നുപോയി. ഏറ്റവും ഒടുവിലാണ് ബന്ധുക്കളും അയൽക്കാരുമൊക്കെ വന്നത്. അക്കൂട്ടത്തിൽ ഡോക്ടർ മനു തോമസുമുണ്ടായിരുന്നു. സാവധാനം നടന്നുവന്ന് മൃതദേഹത്തിൽ പൂക്കൾ അർപ്പിച്ചിട്ട് കുനിഞ്ഞ് ഒരു മുത്തം നൽകി മനു. മുഖമുയർത്തി നോക്കിയപ്പോൾ അഭിമുഖമായി എൽസ തന്നെ നോക്കി നിൽക്കുന്നതയാൾ കണ്ടു. പൊട്ടിക്കരഞ്ഞു പോകാതിരിക്കാൻ അവൾ ചുണ്ടുകൾ കടിച്ചമർത്തിയിരുന്നു. കണ്ടപ്പോൾ മനുവിന്റെയും കണ്ണുനിറഞ്ഞുപോയി. അന്ത്യോപചാരം അർപ്പിച്ചിട്ട് മനു അവിടെനിന്ന് മാറിനിന്നു.

ഏറ്റവും ഒടുവിലാണ് എൽസയും ടെസിയും അമ്മയ്ക്ക് അന്ത്യചുംബനം നൽകിയത്. എൽസയെ കൂട്ടുകാരികൾ താങ്ങിപ്പിടിച്ചുകൊണ്ടുവന്നാണ് ഉമ്മ വയ്പിച്ചത്. കെട്ടിപ്പിടിച്ച് അവൾ പതം പറഞ്ഞു കരയുന്നതു കണ്ടപ്പോൾ കണ്ടുനിന്നവരുടെ കണ്ണു നിറഞ്ഞു. സുഹൃത്തുക്കൾ അവളെ പിടിച്ചു മാറ്റി.

സിമിത്തേരിയിലെ ശുശ്രൂഷകളെല്ലാം കഴിഞ്ഞ് പെട്ടി അടച്ചു. എൽസയുടെ കരച്ചിൽ ഉച്ചത്തിലായി. ടെസിയും വാവിട്ടുകരയുകയായിരുന്നു. തോമസിന്റെ കല്ലറയിലാണ് സിസിലിക്കും ഇനി അന്ത്യവിശ്രമം!

പെട്ടി കുഴിയിലേക്ക് ഇറക്കിയതും എൽസ തളർന്നു വീണുപോയി. ആരൊക്കെയോ വന്ന് അവളെ താങ്ങിപ്പിടിച്ചുകൊണ്ട് പള്ളിമേടയിലെ വരാന്തയിൽ കൊണ്ടുവന്നു കിടത്തി. കുടിക്കാൻ തണുത്ത വെള്ളം കൊടുത്തു.

എല്ലാവരും പിരിഞ്ഞപ്പോഴും ഡോക്ടർ മനു പോയിരുന്നില്ല. അയാൾ സാവധാനം പള്ളിമേടയുടെ വരാന്തയിലേക്കു ചെന്നു. ഡോക്ടറെ കണ്ടതും എൽസയുടെ സങ്കടം അണപൊട്ടി.

"പോയി ഡോക്ടറേ, എന്റെ അമ്മ പോയി. ഇനി എനിക്കാരുമില്ല. ഒമ്പതുവർഷം മുമ്പ് പപ്പ എന്നെ ഇട്ടിട്ടു പോയി. ഇപ്പം ദേ അമ്മയും! ഞാൻ ആർക്കുവേണ്ടിയാ ഇനി ജീവിക്കുന്നത്. എന്നെയുംകൂടിയങ്ങു കൊണ്ടുപോകായിരുന്നല്ലോ ദൈവത്തിന്..."

കേട്ടപ്പോൾ മനുവിന്റെ കണ്ണു നിറഞ്ഞു. എൽസയുടെ കരംപിടിച്ചുകൊണ്ട് അയാൾ പറഞ്ഞു:

"കരയണ്ട. എല്ലാം ദൈവത്തിന്റെ പദ്ധതിയാന്നു വിചാരിച്ച് ആശ്വസിക്കാൻ നോക്ക്. മനസ്സിലുള്ള വിഷമം സഹിക്കാൻ പറ്റാത്തതാന്ന് എനിക്കറിയാം. ആരുമില്ലല്ലോന്നുള്ള സങ്കടം വേണ്ട. ഞങ്ങളൊക്കെയുണ്ട് ഒപ്പം! അച്ചൻ പ്രസംഗിച്ചപ്പോൾ പറഞ്ഞതു കേട്ടില്ലായിരുന്നോ. ഒറ്റപ്പെട്ടുപോയീന്നുള്ള ദുഃഖം വേണ്ടെന്ന്. ഈ ഇടവകക്കാര് മൊത്തം ഉണ്ടാകും എൽസയോടൊപ്പം."

"ആരൊക്കെയുണ്ടെങ്കിലും എന്റമ്മയ്ക്കു പകരമാകുമോ ഡോക്ടറെ?"

ആ ചോദ്യത്തിന് മറുപടി കൊടുക്കാൻ കഴിഞ്ഞില്ല മനുവിന്. അമ്മയില്ലാത്തതിന്റെ ദുഃഖം അതനുഭവിക്കുന്നവർക്കല്ലേ അറിയാൻ പറ്റൂ.

ഈ സമയം ഫാദർ മാത്യു കുരിശിങ്കൽ അങ്ങോട്ടുവന്നു. എൽസയെ ഓരോന്നു പറഞ്ഞ് ആശ്വസിപ്പിച്ചിട്ട് അച്ചൻ ടെസിയെയും ഭർത്താവ് ജോണിയെയും വിളിച്ചു മാറ്റിനിറുത്തിയിട്ട് പറഞ്ഞു:

"നിങ്ങളു കുറച്ചുദിവസം ഇവിടുണ്ടാകണം കേട്ടോ. അവളുടെ സങ്കടം ഒന്നു കുറഞ്ഞിട്ടേ പോകാവൂ. പറ്റുമെങ്കിൽ കുറേനാള് അവളെ നിങ്ങളുടെ വീട്ടിൽ കൊണ്ടെനിറുത്താൻ നോക്കുക."

ജോണി തലകുലുക്കി.

ഇടയ്ക്കു വിളിക്കാമെന്നു പറഞ്ഞിട്ട് അച്ചൻ എൽസയോടു യാത്ര പറഞ്ഞു പിരിഞ്ഞു. എന്താവശ്യം വന്നാലും വിളിക്കണമെന്നു പറഞ്ഞിട്ട് ഡോക്ടർ മനുവും പോയി.

ജോണിയും ടെസിയും കൂടി എൽസയെ താങ്ങിപ്പിടിച്ച് കൊണ്ടുവന്ന് കാറിൽ കയറ്റി വീട്ടിലേക്കു കൊണ്ടുപോയി.

അയൽക്കാരും ഏതാനും ബന്ധുക്കളും വീട്ടിലുണ്ടായിരുന്നു. അവർ സഹതാപത്തോടെ എൽസയെ നോക്കി. ആരോടും ഒന്നും മിണ്ടാതെ, തളർന്ന കാലുകൾ നീട്ടി അവൾ അമ്മ കിടന്ന മുറിയിലേക്കു ചെന്നു. അമ്മയുടെ കട്ടിലിൽ തലയിണയിൽ കെട്ടിപ്പിടിച്ച് എങ്ങിയേങ്ങി കരഞ്ഞു. ഇനി അമ്മയില്ലല്ലോ ഒന്നു വർത്തമാനം പറയാൻ.

ഇരുട്ടുവീണപ്പോഴേക്കും അയൽക്കാരും ബന്ധുക്കളുമെല്ലാം പോയിക്കഴിഞ്ഞിരുന്നു. അത്താഴം കഴിഞ്ഞ് മുറിയിൽ വന്നിരിക്കുമ്പോൾ ടെസിയുടെ ഭർത്താവ് ജോണി പറഞ്ഞു:

"ഞാൻ നാളെ പോകും. കുട്ടികളുടെ പഠിത്തം മുടക്കാൻ പറ്റുകേലല്ലോ. ടെസി കുറച്ചു ദിവസം ഇവിടുണ്ടാകും. അവളു പോരുമ്പം അക്കൂടെ എൽസയും അങ്ങോട്ടുപോരെ. ഇനി അവിടെ നിൽക്കാം.

"ഈ വീടും മണ്ണും ഉപേക്ഷിച്ച് ഞാൻ എങ്ങോട്ടും പോകില്ല." എൽസ തീർത്തുപറഞ്ഞു.

'ഒറ്റയ്ക്കിവിടെ കഴിയാൻ പറ്റ്വോ?"

"എന്റമ്മയുടെയും പപ്പയുടെയും ആത്മാവ് ഉണ്ടിവിടെ; എനിക്കു കൂട്ടായിട്ട്. അതുമതി."

"ഞങ്ങടെയാരുടേം സഹായം വേണ്ടെങ്കിൽ നീ ഒറ്റയ്ക്ക് ഇവിടെ കഴിഞ്ഞോ. എനിക്കെന്താ ചേതം."

ജോണിയുടെ വാക്കുകളിൽ നീരസം പ്രകടമായിരുന്നു. അയാൾ പോയി ഒരു പെഗ് മദ്യം എടുത്തു കഴിച്ചിട്ട് ഉറങ്ങാൻ കിടന്നു. ജോണി ഉറങ്ങിക്കഴിഞ്ഞപ്പോൾ ടെസി അനിയത്തിയുടെ അടുത്തുവന്നിരുന്നു ചുമലിൽ തലോടി സങ്കടത്തോടെ പറഞ്ഞു:

"നീ വരുന്നില്ലാന്നു പറഞ്ഞതു നന്നായി മോളേ. എനിക്കറിയാല്ലോ ആ വീട്ടിലെ സ്ഥിതി. അവിടെ കഴിയുന്നതിനേക്കാൾ ഭേദം ഇവിടെ ഒറ്റയ്ക്കു കഴിയുന്നതാ. നമ്മൾ ഓടിക്കളിച്ചു നടന്ന വീടും പറമ്പുമല്ലേ. അമ്മേടെ ആത്മാവ് നിന്നെ കാത്തുകൊള്ളും..."

"എന്നാലും... ഇത്ര പെട്ടെന്ന് അമ്മ പോയല്ലോ ചേച്ചീ..." ചേച്ചിയുടെ തോളിലേക്കു ചാരി അവൾ ഏങ്ങലടിച്ചു.

"എന്റെ സ്ഥിതിയൊന്നു നീ ആലോചിച്ചുനോക്കിക്കേ. വല്ലപ്പഴും അമ്മയെ കാണാനാന്നു പറഞ്ഞു വരായിരുന്നു. ഇവിടെ വരുമ്പം ഒരു സന്തോഷവുമുണ്ടായിരുന്നു. ഇനി വിടുകപോലുമില്ല." ടെസിയും സങ്കടം നിയന്ത്രിക്കാനാവാതെ കരഞ്ഞു.

ആ രാത്രി ഓരോന്ന് ആലോചിച്ചു കിടന്ന് എൽസ നേരം വെളുപ്പിച്ചു. പുലർച്ചെ എണീറ്റ് എല്ലാവരും പള്ളിയിൽ പോയി വിശുദ്ധ കുർബാനയിൽ പങ്കെടുത്തു. കുർബാന കഴിഞ്ഞ് സിമിത്തേരിയിൽ ഒപ്പീസുണ്ടായിരുന്നു.

തിരികെ വീട്ടിൽവന്നു കയറിയപ്പോൾ ജോണി എൽസയോടു പറഞ്ഞു:

"ഞാൻ രാവിലെ പോകുവാ. ടെസി രണ്ടുമൂന്നു ദിവസംകൂടി ഇവിടുണ്ടാകും. അവളു പോരുമ്പം നീയും അങ്ങോട്ട പോരെ. കുറച്ചുദിവസം അവിടെ നിൽക്കാം. പ്രയാസമൊക്കെ മാറിക്കഴിയുമ്പം ഇങ്ങുപോരാം."

"ഞാൻ വരുന്നില്ല." എൽസ തീർത്തു പറഞ്ഞു.

"നീ വരില്ലെന്ന് എനിക്കറിയാം. ഒരു ഡോക്ടറുണ്ടായിരുന്നല്ലോ സിമിത്തേരിയിൽ ഏതുനേരവും നിന്റെ വായിലേക്കു നോക്കി. എല്ലാരും പോയിക്കഴിഞ്ഞിട്ടും അവൻ മണംപിടിച്ചു നിന്നെ ചുറ്റിപ്പറ്റി നിൽക്കുന്ന കണ്ടല്ലോ. എനിക്കറിയാം നീ ഈ വീടുവിട്ട് പോകില്ലെന്നു പറഞ്ഞതിന്റെ കാരണമെന്താന്ന്. ഒരു കാര്യം പറഞ്ഞേക്കാം. ചീത്തപ്പേരുണ്ടാക്കിയാൽ നിന്റെ ചേച്ചിയെ പിന്നെ ഈ വീട്ടിലേക്കു വിടുകേയില്ല. നിന്നെ അങ്ങോട്ടു കേറ്റുകയുമില്ല."

എൽസ ഒന്നും മിണ്ടിയില്ല. എന്തു വേണമെങ്കിലും പറഞ്ഞോട്ടെ എന്നവൾ വിചാരിച്ചു. തന്റെ മനസ്സ് ദൈവത്തിന് അറിയാല്ലോ. അതു മതി. വേറാരെയും ബോധ്യപ്പെടുത്തേണ്ട കാര്യമില്ല.

ഈ സമയം എൽസയുടെ മൊബൈൽ ശബ്ദിച്ചു. ജോണി എടുത്തുനോക്കിയിട്ട് എൽസയുടെ നേരേ തിരിഞ്ഞു പറഞ്ഞു.

"അവനാ... ആ ഡോക്ടർ. എല്ലാരും പോയോന്നറിയാൻ വിളിക്കുന്നതായിരിക്കും. വന്ന് ആശ്വസിപ്പിക്കാൻ." ജോണി കോൾ കട്ട് ചെയ്തിട്ട് ഫോൺ മേശപ്പുറത്തേക്ക് എറിഞ്ഞു.

"ഒറ്റയ്ക്കിവിടെ താമസിച്ചാൽ നിന്റെ കല്യാണം നടക്കൂന്ന് സ്വപ്നത്തിൽപ്പോലും വിചാരിക്കണ്ട. അല്ല, ഒരു കണക്കിന് ആലോചിച്ചാൽ എന്തിനാ കല്യാണം. കാര്യങ്ങളൊക്കെ മുറപോലെ നടക്കുന്നുണ്ട്. കാശും കിട്ടുന്നുണ്ട്."

തിരിഞ്ഞു കരണത്തൊന്നു കൊടുക്കാൻ തോന്നിയെങ്കിലും എൽസ രോഷം കടിച്ചമർത്തി നിയന്ത്രിച്ചു. ചേച്ചിയുടെ ഭർത്താവാണ്. ഭൂമിയോളം ക്ഷമിക്കുക തന്നെ!

ടെസി എല്ലാം കേട്ട് കണ്ണീരൊഴുക്കി നിസ്സഹായയായി നിൽക്കുകയായിരുന്നു. അവൾക്കറിയാമായിരുന്നു എന്തെങ്കിലും പറഞ്ഞാൽ അയാളുടെ കൈ തന്റെ ചെകിട്ടത്തുവീഴുമെന്ന്.

(തുടരും)

# കൗമാരം കലിതുള്ളുമ്പോൾ



**ഡോ. സെബിൻ എസ്. കൊട്ടാരം**

"ഇതുവരെ എന്നോടു മറുത്തൊന്നും പറഞ്ഞിട്ടില്ലാത്ത കൊച്ചാ, ഇപ്പം ദേ മൂക്കത്താ ശുണ്ഠി." കൗമാരക്കാരിയായ മകൾ ശ്വേതയെക്കുറിച്ചായിരുന്നു അമ്മ അനുപമയുടെ പരാതി.



ഇതുകേട്ട അനുപമയുടെ സുഹൃത്ത് രാജിക്കും സമാനമായ അഭിപ്രായമാണ് പങ്കുവയ്ക്കാനുണ്ടായിരുന്നത്.

**എന്തുകൊണ്ടാണ് കൗമാരക്കാരിൽ ഈ മാറ്റം?**

കൗമാരം എന്നത് മാറ്റങ്ങളുടെ കാലമാണ്. ശാരീരികവും വൈകാരികവും മാനസികവും സാമൂഹികവുമായ മാറ്റങ്ങൾ ഈ പ്രായത്തിന്റെ പ്രത്യേകതയാണ്.

വളർച്ചയുടെ പുതിയ ഘട്ടത്തിലേക്കു പ്രവേശിക്കുകയാണ് കൗമാരത്തിൽ. വളർച്ചാഹോർമോണുകളും സെക്ഷ്വൽ ഹോർമോണുകളും കൂടുതലായി ഉത്പാദിപ്പിക്കപ്പെടുന്ന കാലം. പെൺകുട്ടികളിൽ മെൻസ്ട്രൽ സൈക്കിളിനു തുടക്കമിടുന്നതും ഈ പ്രായത്തിലാണ്. ഈ സമയത്തും ഹോർമോൺ മാറ്റങ്ങളുണ്ടാകുന്നു. വികാരങ്ങൾ മാറി മാറി വരുന്നു. വികാരങ്ങൾ അതിന്റെ അത്യുന്നതനിലയിലാവുന്ന കാലഘട്ടംകൂടിയാണു കൗമാരം.

പെട്ടെന്നുള്ള ദേഷ്യവും എടുത്തുചാട്ടവുമെല്ലാം അതിന്റെ പ്രത്യേകതയാണ്. പെൺകുട്ടികളിൽ ദേഷ്യത്തിനൊപ്പംതന്നെ വിഷാദാവസ്ഥയിലേക്കും ഇടയ്ക്കു കടന്നുപോകാറുണ്ട്.

പ്രത്യേകിച്ച്, പീരിയഡ്സിന്റെ സമയത്താണ് ഈ മൂഡുമാറ്റം. കാരണമില്ലാതെ വിഷാദാവസ്ഥ ഈ സമയത്ത് ചിലരിൽ പിടിമുറുക്കും. ചിലരിൽ അമിതദേഷ്യമായി രൂപപ്പെടും. ഇതിനെല്ലാം കാരണം, ശരീരത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഹോർമോണുകളുടെ വ്യതിയാനമാണ്.

**എങ്ങനെ നേരിടണം?**

തൊട്ടതിനും പിടിച്ചതിനുമെല്ലാം ദേഷ്യപ്പെടുകയും ചാടിക്കടിക്കാൻ വരുകയും ചെയ്യുന്ന കൗമാരക്കാരെ, അതേരീതിയിൽ മാതാപിതാക്കൾ ദേഷ്യപ്പെട്ടുകൊണ്ടു നേരിട്ടാൽ അവിടെ പ്രശ്നം രൂക്ഷമാകും. ഇവിടെ മക്കളുടെ ഈ കാലഘട്ടത്തിലെ മാറ്റങ്ങൾ മാതാപിതാക്കൾ തിരിച്ചറിഞ്ഞ് അവരെ വേണ്ടവിധം മനസ്സിലാക്കി ശാന്തമായി പെരുമാറാനും കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്താനും ശ്രമിക്കണം.

**ദേഷ്യം എന്തുകൊണ്ട്?**

ഹോർമോണുകളുടെ വ്യതിയാനംമൂലം ദേഷ്യം വരാം. മറ്റൊന്ന് ഉള്ളിലെ അസംതൃപ്തി ദേഷ്യരൂപത്തിൽ പുറത്തുവരും. ഏതെങ്കിലും മേഖലകളിൽ അസംതൃപ്തി അനുഭവിക്കുന്നവർ അതു ദേഷ്യരൂപത്തിൽ പുറത്തുവിടാറുണ്ട്.

**എങ്ങനെ ദേഷ്യം നിയന്ത്രിക്കാം?**

വിവിധ പ്രായോഗികമാർഗങ്ങൾ ഇക്കാര്യത്തിൽ അവലംബിക്കാം.

**1. ആംഗർ ഡയറി**

- എപ്പോഴൊക്കെയാണ് ദേഷ്യം വരുന്നത്, ആരൊക്കെ മൂലമാണ്, അവർ എന്തുപറയുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് ദേഷ്യം എന്ന് ഒരു ഡയറിയിൽ കുറിക്കുക.
- അപ്പോൾ ചില വ്യക്തികളും അവരുടെ വാക്കുകളും പ്രവൃത്തികളും ആവർത്തിച്ചുവരുന്നതായി കാണാം.
- അവർ എന്തുകൊണ്ട് അങ്ങനെ സംസാരിക്കുന്നു, പ്രവർത്തിക്കുന്നുവെന്ന് എഴുതുക.
- ചിലപ്പോൾ അവർ വളർന്ന സാഹചര്യം മൂലമാകാം, ജീവിതപങ്കാളിയിൽ നിന്നുള്ള പ്രശ്നംമൂലമാകാം, അപകർഷതാബോധംമൂലമാകാം. അതു തിരിച്ചറിയുക. അങ്ങനെ ആ വ്യക്തിയുടെ വാക്കിന്റെ, പെരുമാറ്റത്തിന്റെ കാരണം കണ്ടെത്തി അവരെ മനസ്സിലാക്കാൻ സാധിക്കുമ്പോൾ അവരോടുള്ള മനോഭാവം മാറുന്നതായും ദേഷ്യം കുറയുന്നതായും അനുഭവപ്പെടും.
- മെഡിറ്റേഷൻ, പ്രാർഥന, യോഗ എന്നിവയൊക്കെ ദേഷ്യം നിയന്ത്രിക്കാൻ സഹായകമാണ്.
- ദേഷ്യം വരുമ്പോൾ ഒന്നുമുതൽ പത്തു വരെയും തിരിച്ചും എണ്ണുന്നത് ദേഷ്യംമൂലമുള്ള എടുത്തുചാട്ടം നിയന്ത്രിക്കാൻ സഹായിക്കും. വികാരങ്ങൾക്ക് അടിപ്പെടാതെ വികാരങ്ങളെ ശരിയായ രീതിയിൽ പ്രകടിപ്പിക്കാനും നിയന്ത്രിക്കാനും ശീലിക്കാം. ഇതു ശരിയായ വൈകാരികപക്വത രൂപപ്പെടാൻ സഹായിക്കും.

# സ്കൂൾ 'ഒളിമ്പിക്സ്' അല്ല; കേരള സ്കൂൾ കായികമേള



സനിൽ പി. തോമസ്



സംസ്ഥാന സ്കൂൾ കായികമേള എന്ന വിശേഷണം എപ്പോഴും സംസ്ഥാന സ്കൂൾ അത്‌ലറ്റിക്സിനാണ് ചാർത്തിപ്പോന്നിട്ടുള്ളത്. മറ്റു കളികൾ സ്കൂൾ ഗെയിംസ് ആയി അറിയപ്പെട്ടു. ഫുട്ബോളും വോളിബോളും ബാസ്കറ്റ്ബോളുമെല്ലാം ഉണ്ടെങ്കിലും സ്കൂൾഗെയിംസിന് ഒരിക്കലും അത്‌ലറ്റിക്സിന്റെ ഗ്ലാമർ ഇല്ലാതെപോയി. മാത്രമല്ല, പലപ്പോഴും ഇതു വേറിട്ടാണു നടത്തപ്പെട്ടത്.

ഒരുമിച്ച് ഒരേസ്ഥലത്തു സംഘടിപ്പിക്കപ്പെട്ടപ്പോഴൊക്കെ ആദ്യദിനങ്ങളിലെ ഗെയിംസിനു വലിയ മാധ്യമശ്രദ്ധ കിട്ടിയുമില്ല.

ഇതിനെല്ലാം പരിഹാരമായി 'സ്കൂൾ ഒളിമ്പിക്സ്' എന്നു പേരിട്ട് നവംബർ നാലുമുതൽ 11 വരെ എറണാകുളത്ത് 17 വേദികളിലായി ഗെയിംസും അത്‌ലറ്റിക്സും നടത്താൻ തീരുമാനിച്ചു. 36 ഇനങ്ങളിലാണു മത്സരം. സവിശേഷകഴിവുകളുള്ള കുട്ടികളെയും ഉൾപ്പെടുത്തി 'ഇൻക്ലൂസീവ് സ്പോർട്സ്' എന്ന ആശയം നടപ്പാക്കാനും തീരുമാനിച്ചു. ഇത്തരം കുട്ടികൾ രണ്ടായിരത്തോളം വരുമത്രേ. ആകെ 26,000 കുട്ടികൾ ഇത്തവണ സ്കൂൾകായികമേളയിൽ പങ്കെടുക്കുമെന്നാണ് വിദ്യാഭ്യാസവകുപ്പിന്റെ കണക്കുകൂട്ടൽ.

വളരെ നല്ല ആശയമാണ്. പക്ഷേ, മേളയ്ക്ക് സ്കൂൾ ഒളിമ്പിക്സ് എന്നു പേരിട്ടാൽ നിയമനടപടികൾക്കു വിധേയമാകേണ്ടിവരുമെന്ന് ഈ ലേഖകൻ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പക്ഷേ, ബന്ധപ്പെട്ടവർ വഴങ്ങിയില്ല. അവർ 'സ്കൂൾ ഒളിമ്പിക്സ്' എന്നുതന്നെ കൊട്ടിഘോഷിച്ചു. ഒടുവിൽ സംസ്ഥാന വിദ്യാഭ്യാസവകുപ്പിനു കാര്യം മനസ്സിലായി. കഴിഞ്ഞ ദിവസം അവർ 'ഒളിമ്പിക്സ്' എന്ന വാക്ക് ഒഴിവാക്കി കേരള സ്കൂൾ കായികമേള എന്നായി പുതിയ പേര്. വൈകിയാണെങ്കിലും വിദ്യാഭ്യാസവകുപ്പ് കാരണം മനസ്സിലാക്കിയതിൽ സന്തോഷം.

കേരള ഒളിമ്പിക് അസോസിയേഷൻ മുമ്പ് കേരള ഒളിമ്പിക് ഗെയിംസ് നടത്തുമെന്നു പ്രഖ്യാപിച്ചപ്പോൾ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനിൽനിന്ന് നോട്ടീസ് കിട്ടുകയും സ്റ്റേറ്റ് ഗെയിംസ് എന്നു പേരുമാറ്റാൻ നിർബന്ധിതരാകുകയും ചെയ്ത അനുഭവം നമ്മുടെ മുമ്പിലുണ്ട്. ഇത് കെ.ഒ.എ. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്. എന്നിട്ടും ചിലർ കടുംപിടിത്തവുമായി മുന്നോട്ടുപോയി. ഇപ്പോൾ പറയുന്നത് 'ഒളിമ്പിക്സ്' എന്ന വാക്ക് ഉപയോഗിക്കാൻ അനുമതിക്കായി ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന് എഴുതിയിട്ടുണ്ടെന്നും അടുത്തവർഷം സ്കൂൾ ഒളിമ്പിക്സ് എന്ന പേരിൽ നടക്കുമെന്നുമാണ്.

നടക്കില്ലെന്നു തീർത്തുപറയട്ടെ. 'ഒളിമ്പിക്സ്' ഒരു പൊതുവാക്കല്ല (not merely a generic term) എന്ന് ഒളിമ്പിക് ചാർട്ടർ വ്യക്തമാക്കിയിട്ടുണ്ട്. അത് രാജ്യാന്തര ഒളിമ്പിക് കമ്മിറ്റി (ഐ.ഒ.സി.) പേറ്റന്റ് എടുത്തിട്ടുള്ളതാണ്. രജിസ്റ്റേർഡ് ട്രേഡ് മാർക്ക് ആണത്. ഒളിമ്പിക്സ്, ഒളിമ്പിക് ഗെയിംസ് എന്നീ വാക്കുകളും ഒളിമ്പിക്സ് വളയങ്ങളും ചിഹ്നവും പതാകയും ദീപശിഖയും എല്ലാം ഇന്റലക്ചൽ പ്രോപ്പർട്ടി റൈറ്റ്സ് (ഐ.പി.ആർ.) പ്രകാരം ഐ.ഒ.സിയുടെ സ്വത്താണ്.

നമ്മൾ ആദ്യം മനസ്സിലാക്കേണ്ടത് ഒളിമ്പിക് പ്രസ്ഥാനം എന്നതിൽ മൂന്നു ഘടകങ്ങളേയുള്ളൂ എന്നാണ്. രാജ്യാന്തര ഒളിമ്പിക് കമ്മിറ്റി, ദേശീയ ഒളിമ്പിക്സ് കമ്മിറ്റികൾ (ഇന്ത്യയിൽ ഒളിമ്പിക് അസോസിയേഷൻ) രാജ്യാന്തരസ്പോർട്സ് ഫെഡറേഷനുകൾ. കേന്ദ്രസർക്കാരുകളോ സംസ്ഥാനസർക്കാരുകളോ ഒളിമ്പിക്സ് പ്രസ്ഥാനത്തിന്റെ ഭാഗമല്ല.

'ഒളിമ്പിക്സ്' എന്ന വാക്ക് ഐ.ഒ.സി.യും എൻ.ഒ.സികളും സംരക്ഷിക്കുന്നു. മുമ്പ് ഇന്ത്യയിലെ ഒരു പ്രമുഖവിദ്യാഭ്യാസസ്ഥാപനം അവരുടെ സ്കൂൾ ഓഫ് സ്പോർട്സ് ആൻഡ് സയൻസ്' തുടങ്ങിയപ്പോൾ പ്രധാനകെട്ടിടത്തിനു മുന്നിലെ ബോർഡിൽ ഒളിമ്പിക്സ് ചിഹ്നം ചേർത്തത് വലിയ പ്രശ്നമായതാണ്. മാപ്പ് എഴുതിക്കൊടുത്ത് ചിഹ്നം നീക്കം ചെയ്യേണ്ടിവന്നു. ഐ.ഒ.സിയാകട്ടെ, ഒളിമ്പിക്സുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കല്ലാതെ അനുമതി കൊടുക്കാറുമില്ല.

'ഒളിമ്പിക്സിന് ലോകത്തുള്ള ആദരണീയസ്ഥാനം' ആണ് എല്ലാറ്റിനും അടിസ്ഥാനം. ഒരു രാജ്യത്ത് ഒളിമ്പിക്സ് നടക്കുമ്പോൾ അത് ഉദ്ഘാടനം ചെയ്യുന്നു എന്നു പറയാൻമാത്രമാണ് ആ രാജ്യത്തെ പ്രസിഡന്റിനോ പ്രധാനമന്ത്രിക്കോ അവകാശം. സർക്കാർ ഇടപെടൽ ഏതെങ്കിലും തരത്തിൽ ഉണ്ടായാൽ അതത് ദേശീയ ഒളിമ്പിക് കമ്മിറ്റികളുടെ അംഗീകാരം നഷ്ടപ്പെടും.

'സ്കൂൾ ഒളിമ്പിക്സ്' എന്ന പേരിൽ വിജയികൾക്കു സർട്ടിഫിക്കറ്റ് നൽകിയാൽ അതിന് കേരളത്തിനു പുറത്ത് അംഗീകാരവും കിട്ടില്ല. മലയാളിതാരങ്ങളിൽ ഭൂരിഭാഗവും ഇതരസംസ്ഥാനങ്ങളിലും കേന്ദ്രസർവീസിലും പൊതുമേഖലാസ്ഥാപനങ്ങളിലുമൊക്കെയാണ് ജോലി തേടുന്നത്. അവർ സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് അയയ്ക്കുക ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനിലേക്ക് ആയിരിക്കും. അവർ അംഗീകാരം നൽകില്ല.

അടുത്തവർഷം 'സ്കൂൾ ഒളിമ്പിക്സ്' എന്ന പേര് ഉപയോഗിക്കും എന്നു പറഞ്ഞുനടക്കാതെ യാഥാർഥ്യബോധം ഉൾക്കൊണ്ട് മുന്നോട്ടുപോകുകയാണ് വിദ്യാഭ്യാസവകുപ്പു ചെയ്യേണ്ടത്. ഒളിമ്പിക്സ് എന്നു പേരിടാൻ ശ്രമിച്ചാൽമാത്രം പോരാ. കുറഞ്ഞത് രാജ്യാന്തരനിലവാരത്തിലെങ്കിലും മത്സരങ്ങൾ സംഘടിപ്പിക്കുകയും വേണം.



കവിത 2 എം. എസ്. ചാമക്കാല

## എന്റെ ദൈവം

പള്ളിക്കകത്തും പുറത്തുമിരുന്നേറെ
കൊള്ളയടിക്കും വ്യാപാരികളെ
ചാട്ടവാർകൊണ്ടടിച്ചേറ്റം പരുഷമാ-
യാട്ടിയോടിച്ചവനെന്റെ ദൈവം

ആഴിയിൽ പാദങ്ങളൂന്നി നടന്നവ-
നാഴിയെ ശാസിച്ചടക്കിനിന്നോൻ
അയ്യായിരത്തിനായഞ്ചപ്പം രണ്ടുമീ-
നേകി നിറച്ചവനെന്റെ ദൈവം

സിക്കമൂർമാമരക്കൊമ്പത്തിരുന്നിടും
സക്കേവൂസെന്നൊരു ഭക്തനോട്
വന്നാലു;മിന്നുനിൻ വീട്ടിലേക്കാണെന്ന
സന്തോഷം പങ്കിട്ടോനെന്റെ ദൈവം

ഹേ! ഫരിസീയരേ! നിയമജ്ഞരേ! നിങ്ങൾ
കാപട്യത്തിന്റെ നിറകുടങ്ങൾ
'നിങ്ങൾക്കു ഹാ! കഷ്ടം! ഘോരദുരന്തങ്ങൾ'
മുന്നറിവേകിയോനെന്റെ ദൈവം.

പുണ്യം നടിക്കും പുരോഹിതവർഗത്തിൻ
തണ്യപ്രവൃത്തികൾ കണ്ടുകണ്ട്
വെള്ളക്കുഴിമാടമാനസമെന്നോതാ-
നുള്ളം തുറന്നവനെന്റെ ദൈവം

ബന്ധിതർ, മർദിതർ, പട്ടിണിപ്പാവങ്ങ-
ളേവർക്കും പ്രത്യാശ നല്കിടുന്നോൻ
കർത്താവിൻ വത്സരം പ്രഖ്യാപിക്കുന്നവ-
നാമർത്ത്യബന്ധുവാണെന്റെ ദൈവം

ഇപ്പാരിലെമ്പാടും കാണും ചലനങ്ങ-
ളീശന്റെ കൈവിരുതെന്നു കാട്ടാൻ
പട്ടടക്കുണ്ടിലും ജീവാംശുജാലങ്ങൾ
നീട്ടിക്കൊടുത്തവനെന്റെ ദൈവം

തന്നതു പോരെങ്കിൽ താൻപിന്നെ തന്നിടാ-
മെന്നുറപ്പേകിയ സമറായനെ
മാതൃകയാക്കുവാൻ നമുക്കവാച്യമായ്
കല്പന തന്നവനെന്റെ ദൈവം

പാപിഷ്ടരോടു തൻ കാരുണ്യം കാണിപ്പാൻ
പാപിയാം നാരിയെയാദ്യമായി
പാപമില്ലാത്തവൻ കല്ലെറിഞ്ഞീടട്ടെ-
ന്നോതിയയച്ചവനെന്റെ ദൈവം

മാനവജന്മം സഫലമായ്ത്തീരുവാൻ
മാമലമേലേനിന്നുള്ള ഗീതം
ഏതു ജനതയ്ക്കുമേതുകാലത്തിനും
ബോധ്യപ്പെടുത്തുന്നോനെന്റെ ദൈവം

ധൂർത്തനാം പുത്രനെ കാത്തുകാത്തങ്ങനെ
മുറ്റത്തു ദൂരത്തു നോക്കിനില്ക്കും
ആർത്തനാമപ്പന്റെ ചിത്രം വരച്ചു തൻ
താതനെ കാട്ടുന്നോനെന്റെ ദൈവം (തുടരും)

ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

## വിദ്വജ്ജനം

സംസ്കൃതപദങ്ങൾ സന്ധി ചെയ്യേണ്ടത് സംസ്കൃതനിയമപ്രകാരമായിരിക്കണം. സംസ്കൃതത്തിലും മലയാളത്തിലും സന്ധിനിയമങ്ങൾ വ്യത്യസ്തമാണ്. പൂർവോത്തരപദങ്ങളിൽ ഏതെങ്കിലും ഒന്ന് മലയാളമാണെങ്കിൽ മാത്രം മലയാളസന്ധിനിയമത്തെ ആശ്രയിക്കാം. ഏക+അക്കം, ഏകയക്കമാകുന്നത് അക്കം മലയാളപദമായതിനാലാണ്. 'ഏകാക്കം' എന്നു സംസ്കൃതരീതിക്കു സന്ധി ചെയ്യുന്നത് അഭംഗിയാണ്.

പണ്ഡിതന്മാർ (വിദ്വാന്മാർ) എന്നർഥമുള്ള ഒരു സംസ്കൃതപദമാണ് വിദ്വജ്ജനം. ഇവിടെ പൂർവോത്തരപദങ്ങൾ രണ്ടും സംസ്കൃതമാണ്. അപ്പോൾ സംസ്കൃതരീതിക്കേ സന്ധിചെയ്യാവൂ. വിദ്വജ്ജനം എന്ന സമസ്തപദം വിദ്വത്+ജനം എന്നു പിരിച്ചെഴുതാം. സന്ധിചെയ്യാതെ 'വിദ്വത്ജനം' എന്നെഴുതുന്നതു ശരിയല്ല. വിദ്വത്+ജനം സന്ധി ചെയ്യുമ്പോൾ വിദ്വജ്ജനം എന്നാകും. വിദ്വത്+ജനം → വിദ്വജ്+ജനം → വിദ്വജ്ജനം എന്നിങ്ങനെ ഈ മാറ്റത്തെ രേഖപ്പെടുത്താം.

"തകാരത്തിനുശേഷം ചവർഗമോ ലകാരമോ വന്നാൽ തകാരം യഥാക്രമം ചവർഗവും ലകാരവും ആകും."* അതനുസരിച്ച് വിദ്വത്+ജനത്തെ വിദ്വജ്ജനം എന്നു സന്ധി ചെയ്യണം. ശരത്+ചന്ദ്രൻ=ശരച്ചന്ദ്രൻ, മഹത്+ചരമം=മഹച്ചരമം, സത്+ജനം=സജ്ജനം, വിപത്+ജാലം=വിപജ്ജാലം, തത്+ലീനം=തല്ലീനം, മരുത്+ലോളിതം=മരുല്ലോളിതം എന്നിങ്ങനെ നിയമാനുസൃതമായി ഉദാഹരണങ്ങൾ കണ്ടെത്താം.

"വിദ്വാന്മാർ എന്ന അർഥത്തിൽ വിദ്വത്ജനം എന്ന് എഴുതുകയും പറയുകയും ചെയ്യുന്നത് ഭാഷാവഴക്കമനുസരിച്ചു ശരിയല്ല. വിദ്വജ്ജനം എന്ന തകാരമില്ലാത്ത രൂപമാണ് ശരി. 'വിദ്വാനേവ വിജനാതി വിദ്വജ്ജന പരിശ്രമം എന്നാണ് ആപ്തവാക്യം."** എന്നു പ്രൊഫ. നടുവട്ടം ഗോപാലകൃഷ്ണനും വിദ്വജ്ജനംമാത്രമാണ് ശരിയെന്നു ശഠിക്കുന്നു.

* ചന്ദ്രശേഖരൻനായർ, സി.കെ. ഡോ., അടിസ്ഥാന വ്യാകരണം, ഉത്തരഭാഗം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2008, പുറം-101.

** ഗോപാലകൃഷ്ണൻ നടുവട്ടം ഡോ., ഭരണഭാഷ അകവും പുറവും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2020, പുറം-24.

Deepanalam Weekly
RNI No : 16998/68
Vol. 57 No. 34 Date of Publication 24 October 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment













Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org